ഭാരത സർക്കാർ

നിയമ മന്ത്രാലയം

सत्यमेव जयते

# കമ്പനി സെക്രട്ടറിമാർ ആക്റ്റ്, 1980

## (1980-ലെ 56)

(2003 മാർച്ച് 10-ാം തീയതി നിലവിലിരുന്ന പ്രകാരം)

# THE COMPANY SECRETARIES ACT, 1980

## (56 OF 1980)

**(As on 10th March 2003)**

വില : രൂപ 34.00

©

യൂണിയൻ സർക്കാരിനുവേണ്ടി കേരള സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ട് തിരുവനന്തപുരം സർക്കാർ പ്രസ്സിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നത്

2006

## ആമുഖം

2003 മാർച്ച് 10-ാം തീയതി നിലവിലിരുന്ന പ്രകാരമുള്ള കമ്പനി സെക്രട്ടറിമാർ ആക്റ്റ്, 1980 (1980-ലെ 56-ാം ആക്റ്റ്)-ന്റെ മലയാളത്തിലെ ആധികാരികപാഠം ഈ പതിപ്പിൽ അടങ്ങിയിരിക്കുന്നു. 2003 ജൂലായ് 14-ാം തീയതിയിലെ കേന്ദ്ര ഗസറ്റ് അസാധാരണം XI-ാം ഭാഗം 1-ാം വകുപ്പ് 3-ാം വാല്യം 1-ാം നമ്പരായി 1 മുതൽ 22 വരെയുള്ള പുറങ്ങളിൽ ഇത് പ്രസിദ്ധീകരിച്ചിരിക്കുന്നു.

ഈ ആധികാരിക പരിഭാഷ, ആധികാരിക പാഠങ്ങൾ (കേന്ദ്ര നിയമങ്ങൾ) ആക്റ്റ്, 1973-ന്റെ 2-ാം വകുപ്പ് (ക) ഖണ്ഡം അനുസരിച്ച് രാഷ്ട്രപതി അധികാരപ്പെടുത്തിയ പ്രകാരം പ്രസിദ്ധീകരിക്കുകയും അങ്ങനെ പ്രസിദ്ധീകരിച്ചതിൻമേൽ അത് ആ ആക്റ്റിന്റെ മലയാളത്തിലെ ആധികാരിക പാഠമായിത്തീരുകയും ചെയ്തു.

ഡോ. സുഭാഷ് സി. ജയിൻ,

ഭാരത സർക്കാരിന്റെ സെക്രട്ടറി.

## PREFACE

This edition of the Company Secretaries Act, 1980 (Act 56 of 1980) as on 10th March, 2003 contains the Authoritative text of that Act in Malayalam which was published in the Gazette of India Extraordinary Part XI, Section I. Vol. 3. No. I dated 14th July 2003 on pages 1 to 22.

This authorised translation was published under the authority of the President under clause (a) of section 2 of the Authoritative Texts (Central Laws) Act, 1973 and on such publication it became the authoritative text of that Act in Malayalam.

DR. SUBHASH C. JAIN,

*Secretary to the Government of India.*

3/2337/2006/DTP.

# കമ്പനി സെക്രട്ടറിമാർ ആക്റ്റ്, 1980

## (1980-ലെ 56)

## വകുപ്പുകളുടെ വിന്യാസം

## ഉള്ളടക്കം

### അദ്ധ്യായം I

### പ്രാരംഭികം


| | | പേജ് |
|---|---|---|
| 1. | ചുരുക്കപ്പേരും വ്യാപ്തിയും പ്രാരംഭവും .. | 1 |
| 2. | നിർവ്വചനങ്ങളും വ്യാഖ്യാനവും .. | 1 |


### അദ്ധ്യായം II

### ഭാരതത്തിന്റെ കമ്പനി സെക്രട്ടറിമാരുടെ ഇൻസ്റ്റിറ്റ്യൂട്ട്


| | | |
|---|---|---|
| 3. | ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏകാംഗീകരണം .. | 3 |
| 4. | രജിസ്റ്ററിൽ പേർ ചേർക്കൽ .. | 3 |
| 5. | അസോഷ്യേറ്റുകളും ഫെലോകളും .. | 4 |
| 6. | പ്രാക്റ്റീസ് സർട്ടിഫിക്കറ്റ് .. | 4 |
| 7. | അംഗങ്ങൾ കമ്പനി സെക്രട്ടറിമാർ എന്ന് അറിയപ്പെടേണ്ടതാണ് .. | 5 |
| 8. | അവശതകൾ .. | 5 |


### അദ്ധ്യായം III

### ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൗൺസിൽ


| | | |
|---|---|---|
| 9. | ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൗൺസിലിന്റെ രൂപീകരണം .. | 5 |
| 10. | കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ രീതി .. | 6 |
| 11. | തിരഞ്ഞെടുപ്പ് നടക്കാത്തപ്പോൾ നാമനിർദ്ദേശം .. | 6 |
| 12. | പ്രസിഡന്റും വൈസ്പ്രസിഡന്റും .. | 6 |
| 13. | അംഗത്വം രാജിവയ്ക്കലും ആകസ്മിക ഒഴിവുകളും .. | 7 |
| 14. | കൗൺസിലിന്റെ കാലാവധിയും പിരിച്ചുവിടലും .. | 7 |
| 15. | കൗൺസിലിന്റെ ചുമതലകൾ .. | 7 |
| 16. | സ്റ്റാഫും വേതനവും ബത്തകളും .. | 8 |
| 17. | കൗൺസിലിന്റെ സമിതികൾ .. | 8 |
| 18. | കൗൺസിലിന്റെ ധനകാര്യം .. | 9 |


### അദ്ധ്യായം IV

### അംഗങ്ങളുടെ രജിസ്റ്റർ


| | | |
|---|---|---|
| 19. | രജിസ്റ്റർ .. | 10 |
| 20. | രജിസ്റ്ററിൽ നിന്ന് നീക്കം ചെയ്യൽ .. | 10 |

അദ്ധ്യായം V

**നടപടി ദൂഷ്യം**


പേജ്

21. ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളുടെ നടപടി ദൂഷ്യം സംബന്ധിച്ച അന്വേഷണങ്ങൾക്കുള്ള നടപടിക്രമം .. 11
22. വൃത്തിപരമായ നടപടിദൂഷ്യം നിർവ്വചിക്കപ്പെട്ടിരിക്കുന്നു .. 12


അദ്ധ്യായം VI

**മേഖലാ കൗൺസിലുകൾ**


23. മേഖലാ കൗൺസിലുകളുടെ രൂപീകരണവും ചുമതലകളും .. 12


അദ്ധ്യായം VII

**പിഴശിക്ഷകൾ**


24. ഒരു അംഗമാണെന്ന് വ്യാജമായി അവകാശപ്പെടുക, മുതലായവയ്ക്കുള്ള പിഴശിക്ഷ .. 13
25. കൗൺസിലിന്റെ പേർ ഉപയോഗിക്കുകയോ കമ്പനി സെക്രട്ടറി ബിരുദം നൽകുകയോ ചെയ്താലുള്ള പിഴശിക്ഷ .. 13
26. കമ്പനികൾ കമ്പനി സെക്രട്ടറിഷിപ്പിൽ വ്യാപൃതരാകരുതെന്ന് .. 13
27. യോഗ്യതയില്ലാത്ത ആളുകൾ രേഖകൾ ഒപ്പു വയ്ക്കാൻ പാടില്ലെന്ന് .. 14
28. കമ്പനികളാലുള്ള കുറ്റങ്ങൾ .. 14
29. പ്രോസിക്യൂട്ട് ചെയ്യാനുള്ള അനുമതി .. 14


അദ്ധ്യായം VIII

**അപ്പീലുകൾ**


30. അപ്പീൽ .. 14


അദ്ധ്യായം IX

**കമ്പനി ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭാരതത്തിന്റെ കമ്പനി സെക്രട്ടറിമാരുടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പിരിച്ചുവിടൽ**


31. കമ്പനി ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭാരതത്തിന്റെ കമ്പനി സെക്രട്ടറിമാരുടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പിരിച്ചുവിടൽ .. 15
32. പിരിച്ചുവിടപ്പെട്ട കമ്പനികളുടെ ആസ്തികളും ബാദ്ധ്യതകളും ഇൻസ്റ്റിറ്റ്യൂട്ടിന് കൈമാറുമെന്ന് .. 15
33. പിരിച്ചുവിടപ്പെട്ട കമ്പനികളുടെ ജീവനക്കാരെ സംബന്ധിച്ച പരിമിതി വ്യവസ്ഥ .. 16


അദ്ധ്യായം X

**പലവക**


34. രജിസ്റ്ററിൽ മാറ്റം വരുത്തലും സർട്ടിഫിക്കറ്റിന്റെ റദ്ദാക്കലും .. 16
35. കേന്ദ്ര സർക്കാരിന്റെ നിർദ്ദേശങ്ങൾ .. 16
36. ഉത്തമ വിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം .. 17
37. ബ്രാഞ്ച് ആഫീസുകൾ നിലനിറുത്താൻ .. 17
38. അന്യോന്യത .. 17
39. റഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം .. 17

ഒന്നാം പട്ടിക

ഭാഗം I

| | | |
|---|---|---|
| | | പേജ് |
| ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാക്റ്റീസ് ചെയ്യുന്ന അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടിദൂഷ്യം | .. | 19 |

ഭാഗം II

| | | |
|---|---|---|
| ഇൻസ്റ്റിറ്റ്യൂട്ടിന്റെ സർവ്വീസിലുള്ള അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടിദൂഷ്യം | .. | 20 |

ഭാഗം III

| | | |
|---|---|---|
| വൃത്തിപരമായ നടപടിദൂഷ്യം ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളെ സംബന്ധിച്ച്—സാമാന്യമായി | .. | 20 |

രണ്ടാം പട്ടിക

ഭാഗം I

| | | |
|---|---|---|
| ഹൈക്കോടതി നടപടി ആവശ്യമാകുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാക്റ്റീസ് ചെയ്യുന്ന അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടിദൂഷ്യം | .. | 21 |

ഭാഗം II

| | | |
|---|---|---|
| ഹൈക്കോടതി നടപടി സാമാന്യമായി ആവശ്യമാകുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടിദൂഷ്യം | .. | 22 |

3/2336/2006/DTP.

# കമ്പനി സെക്രട്ടറിമാർ ആക്റ്റ്, 1980

## (1980-ലെ 56)

[1980 ഡിസംബർ, 10]

കമ്പനി സെക്രട്ടറിമാരുടെ വൃത്തിയുടെ ക്രമപ്പെടുത്തലിനും വികസനത്തിനും വേണ്ടി വ്യവസ്ഥയുണ്ടാക്കുന്നതിനുള്ള

ഒരു

ആക്റ്റ്

ഭാരത റിപ്പബ്ലിക്കിന്റെ മുപ്പത്തൊന്നാം സംവത്സരത്തിൽ പാർലമെന്റ് താഴെ പറയും പ്രകാരം നിയമം ഉണ്ടാക്കിയിരിക്കുന്നു :—

### അദ്ധ്യായം I

### പ്രാരംഭികം

1. **ചുരുക്കപ്പേരും, വ്യാപ്തിയും പ്രാരംഭവും.**—(1) ഈ ആക്റ്റിന് കമ്പനി സെക്രട്ടറിമാർ ആക്റ്റ്, 1980 എന്ന് പേർ പറയാവുന്നതാണ്.

(2) ഇത് ഭാരതം മുഴുവൻ വ്യാപിക്കുന്നതാകുന്നു.

(3) ഇത് കേന്ദ്രസർക്കാർ, ഔദ്യോഗിക ഗസററിൽ വിജ്ഞാപനംവഴി, നിശ്ചയിക്കുന്ന തീയതി[1] പ്രാബല്യത്തിൽ വരുന്നതാകുന്നു.

2. **നിർവ്വചനങ്ങളും വ്യാഖ്യാനവും.**—(1) ഈ ആക്റ്റിൽ സന്ദർഭം മററു വിധത്തിൽ ആവശ്യപ്പെടാത്തപക്ഷം,—

(ക) "അസോഷ്യേററ്" എന്നാൽ ഇൻസ്ററിററ്യൂട്ടിന്റെ ഒരു അസോഷ്യേററ് അംഗം എന്നർത്ഥമാകുന്നു;

(ഖ) "കമ്പനി ആക്റ്റ്" എന്നാൽ കമ്പനി ആക്റ്റ്, 1956 (1956-ലെ 1) എന്നർത്ഥമാകുന്നു;

(ഗ) "കമ്പനി സെക്രട്ടറി" എന്നാൽ ഇൻസ്ററിററ്യൂട്ടിന്റെ അംഗമായിരിക്കുന്ന ഒരാൾ എന്നർത്ഥമാകുന്നു;

(ഘ) "കൗൺസിൽ" എന്നാൽ 9-ാം വകുപ്പിൻകീഴിൽ രൂപവൽക്കരിക്കപ്പെട്ട, ഇൻസ്ററിററ്യൂട്ടിന്റെ കൗൺസിൽ എന്നർത്ഥമാകുന്നു;

(ങ) "പിരിച്ചുവിടപ്പെട്ട കമ്പനി" എന്നാൽ കമ്പനി ആക്റ്റിൻ കീഴിൽ രജിസ്ററർ ചെയ്യപ്പെട്ട ഭാരതത്തിന്റെ കമ്പനി സെക്രട്ടറിമാരുടെ ഇൻസ്ററിററ്യൂട്ട് എന്നർത്ഥമാകുന്നു;

(ച) "ഫെലോ" എന്നാൽ ഇൻസ്ററിററ്യൂട്ടിന്റെ ഒരു ഫെലോ അംഗം എന്നർത്ഥമാകുന്നു;

(ഛ) " ഇൻസ്ററിററ്യൂട്ട് " എന്നാൽ ഈ ആക്റ്റിൻ കീഴിൽ രൂപവൽക്കരിക്കപ്പെട്ട, ഭാരതത്തിന്റെ കമ്പനി സെക്രട്ടറിമാരുടെ ഇൻസ്ററിററ്യൂട്ട് എന്നർത്ഥമാകുന്നു;

(ജ) "നിർണ്ണയിക്കപ്പെട്ട" എന്നാൽ ഈ ആക്റ്റിൻ കീഴിൽ ഉണ്ടാക്കിയ റെഗുലേഷനുകളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഝ) "പ്രസിഡന്റ്" എന്നാൽ കൗൺസിലിന്റെ പ്രസിഡന്റ് എന്നർത്ഥമാകുന്നു;

(ഞ) "രജിസ്ററർ" എന്നാൽ ഇൻസ്ററിററ്യൂട്ടിന്റെ അംഗങ്ങളുടെ, ഈ ആക്റ്റിൻ കീഴിൽ വച്ചു പോരുന്ന രജിസ്ററർ എന്നർത്ഥമാകുന്നു;

(ട) "വൈസ്പ്രസിഡന്റ്" എന്നാൽ കൗൺസിലിന്റെ വൈസ്പ്രസിഡന്റ് എന്നർത്ഥമാകുന്നു;

(ഠ) "വർഷം" എന്നാൽ ഏതെങ്കിലും വർഷത്തിലെ ഏപ്രിൽ 1-ാം ദിവസം ആരംഭിക്കുകയും തുടർന്നുവരുന്ന വർഷത്തിലെ മാർച്ച് 31-ാം ദിവസം അവസാനിക്കുകയും ചെയ്യുന്ന കാലയളവ് എന്നർത്ഥമാകുന്നു.

---

1. 1981 ജനുവരി 1-ാം തീയതി പ്രാബല്യത്തോടെ 27-12-1980-ലെ എസ്. ഒ. 989 (ങ) ഭാഗം II, വകുപ്പ് 3 (ii) (പേജ് 2002) (അസാധാരണം) പ്രകാരം പ്രാബല്യത്തിൽ വന്നു.

3/2336/2006/DTP.

(ഡ) ഇതിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിക്കപ്പെടാത്തതും എന്നാൽ കമ്പനി ആക്ററിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പദപ്രയോഗങ്ങൾക്കും അവയ്ക്ക് ആ ആക്ററിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥം ഉണ്ടായിരിക്കുന്നതാകുന്നു.

(2) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള വിധമൊഴികെ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരംഗം തനിക്ക് ലഭിച്ചതോ ലഭിക്കാവുന്നതോ ആയ പ്രതിഫലത്തിനായി തനിച്ചോ അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂട്ടിൽ പ്രാക്റ്റീസ് ചെയ്യുന്ന ഒന്നോ അതിലധികമോ അംഗങ്ങളുമായി പങ്കുചേർന്നോ അല്ലെങ്കിൽ നിർണ്ണയിക്കപ്പെടാവുന്ന മറ്റ് അംഗീകൃത വൃത്തികളിലേർപ്പെട്ടിരിക്കുന്ന അംഗങ്ങളുമായി പങ്ക് ചേർന്നോ;

(ക) ഏതെങ്കിലും കമ്പനിയിലോ കമ്പനിയുമായി ബന്ധപ്പെട്ടോ കമ്പനി സെക്രട്ടറിമാരുടെ വൃത്തിയിൽ പ്രാക്റ്റീസ് ചെയ്യുന്നതിൽ സ്വയം ഏർപ്പെടുകയോ; അല്ലെങ്കിൽ

(ഖ) കമ്പനികളുടെ പ്രൊമോട്ടു ചെയ്യലോ, രൂപീകരണമോ, ഏകാംഗീകരണമോ, സംയോജനമോ, പുനർനിർമ്മാണമോ, പുനഃസംവിധാനമോ അല്ലെങ്കിൽ വൈൻഡ് അപ്പ് ചെയ്യലോ ആയി ബന്ധപ്പെട്ട സേവനം നൽകാൻ വാഗ്ദാനം ചെയ്യുകയോ സേവനം നൽകുകയോ; അല്ലെങ്കിൽ

(ഗ) (i) കമ്പനിയാലോ കമ്പനിക്ക് വേണ്ടിയോ, ഏതെങ്കിലും രേഖകൾ (ഫാറങ്ങളും അപേക്ഷകളും റിട്ടേണുകളും ഉൾപ്പെടെ) പൂരിപ്പിക്കുന്നതോ രജിസ്റ്റർ ചെയ്യുന്നതോ, സമർപ്പിക്കുന്നതോ ഒപ്പിട്ട് സാക്ഷ്യപ്പെടുത്തുന്നതോ അല്ലെങ്കിൽ സത്യബോധപ്പെടുത്തുന്നതോ സംബന്ധിച്ച് ഒരു കമ്പനിയുടെ അംഗീകൃത പ്രതിനിധിയോ ;

(ii) ഓഹരി കൈമാറ്റം ചെയ്യുന്ന ഒരു ഏജന്റോ,

(iii) ഒരു ഇഷ്യൂഹൗസോ,

(iv) ഒരു ഷെയർ-സ്റ്റോക്ക് ബ്രോക്കറോ,

(v) ഒരു സെക്രട്ടേറിയൽ ആഡിറ്ററോ അല്ലെങ്കിൽ കൺസൽട്ടന്റോ,

(vi) മൂലധന ഇഷ്യൂകൾ (നിയന്ത്രണ) ആക്റ്റ്, 1947 (1947-ലെ 29)-ന്റെയോ, വ്യവസായങ്ങൾ (വികസനവും ക്രമപ്പെടുത്തലും) ആക്റ്റ്, 1951 (1951-ലെ 65)-ന്റെയോ, കമ്പനി ആക്റ്റിന്റെയോ സെക്യൂരിറ്റി കോൺട്രാക്റ്റുകൾ (ക്രമപ്പെടുത്തൽ) ആക്റ്റ്, 1956 (1956-ലെ 42)-ന്റെയോ, ഒരു അംഗീകൃത സ്റ്റോക്ക് എക്സ്ചേഞ്ചിനാൽ ഉണ്ടാക്കപ്പെട്ട ഏതെങ്കിലും ചട്ടങ്ങളുടെയോ അല്ലെങ്കിൽ ബൈലോകളുടെയോ, കുത്തകകളും അവരോധിത വ്യാപാര സമ്പ്രദായങ്ങളും ആക്ററ്, 1969 (1969-ലെ 54)-ന്റെയോ, വിദേശനാണ്യം ക്രമപ്പെടുത്തൽ ആക്ററ്, 1973 (1973-ലെ 46)-ന്റെയോ അല്ലെങ്കിൽ തത്സമയം പ്രാബല്യത്തിലുള്ള മറേറതെങ്കിലും നിയമത്തിന്റെയോ കീഴിൽ വരുന്ന ഏതെങ്കിലും നിയമപരമോ നടപടിക്രമമോ സംബന്ധിച്ചുള്ള സംഗതികൾ ഉൾപ്പെടെയുള്ള മാനേജ്മെന്റ് സംബന്ധിച്ച ഒരു കമ്പനിയുടെ ഉപദേഷ്ടാവായ ഒരാളോ,

(vii) ഒരു കമ്പനിക്കു വേണ്ടിയോ ഒരു കമ്പനിയുടെ ആവശ്യങ്ങൾക്ക് വേണ്ടിയോ സർട്ടിഫിക്കററുകൾ നൽകിയോ,

നിർവ്വഹിക്കുന്ന അങ്ങനെയുള്ള സേവനങ്ങൾ നിർവ്വഹിക്കാൻ വാഗ്ദാനം നൽകുകയോ നിർവ്വഹിക്കുകയോ ;

(ഘ) പ്രാക്ററീസ് ചെയ്യുന്ന ഒരു കമ്പനി സെക്രട്ടറിയാണെന്ന് പൊതുജനങ്ങളുടെ ഇടയിൽ ധാരണ ജനിപ്പിക്കുകയോ; അല്ലെങ്കിൽ

(ങ) കമ്പനി സെക്രട്ടറിമാരുടെ വൃത്തി പ്രാക്ററീസ് ചെയ്യുന്നത് സംബന്ധിച്ച താത്വികമോ വിശദാംശമോ ആയ വിഷയങ്ങൾ സംബന്ധിച്ച വ്യക്തിപരമായ സേവനങ്ങളോ സഹായമോ നൽകുകയോ; അല്ലെങ്കിൽ

(ച) കൗൺസിലിന്റെ അഭിപ്രായത്തിൽ, പ്രാക്ററീസ് ചെയ്യുന്ന ഒരു കമ്പനി സെക്രട്ടറി നൽകുന്നതോ നൽകാവുന്നതോ ആയ മററു സേവനങ്ങൾ നൽകുകയോ,

ചെയ്യുമ്പോൾ പ്രാക്ററീസ് ചെയ്യുകയാണെന്ന് കരുതപ്പെടേണ്ടതും;

"പ്രാക്ററീസ് ചെയ്യുക" എന്ന വാക്കുകൾക്ക് അവയുടെ വ്യാകരണപരമായ വ്യതിയാനങ്ങളോടും സജാതീയ പദങ്ങളോടും കൂടി, തദനുസരണം അർത്ഥം കല്പിക്കേണ്ടതും ആകുന്നു.

## അദ്ധ്യായം II

## ഭാരതത്തിന്റെ കമ്പനി സെക്രട്ടറിമാരുടെ ഇൻസ്റ്റിറ്റ്യൂട്ട്

3. **ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏകാംഗീകരണം.**—(1) ഈ ആക്ററിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ്, പിരിച്ചുവിടപ്പെട്ട കമ്പനിയുടെ രജിസ്ററിൽ പേർ ചേർക്കപ്പെട്ട എല്ലാ ആളുകളെയും, ഈ ആക്ററിൻകീഴിൽ വച്ചുപോരേണ്ട രജിസ്ററിൽ ഇതിനുശേഷം പേർ ചേർക്കപ്പെടാവുന്ന എല്ലാ ആളുകളെയും, അവർ ഈ ആക്ററിൻകീഴിൽ വച്ചുപോരേണ്ട രജിസ്ററിൽ തുടർന്നും ഉണ്ടായിരിക്കുന്നിടത്തോളം, ഉൾപ്പെടുത്തി ഭാരതത്തിന്റെ കമ്പനി സെക്രട്ടറിമാരുടെ ഇൻസ്റ്റിററ്യൂട്ട് എന്ന പേരിൽ ഒരു ഏകാംഗീകൃത നികായം ഇതിനാൽ രൂപവൽക്കരിക്കപ്പെടുന്നതും അങ്ങനെയുള്ള എല്ലാ ആളുകളും ഇൻസ്റ്റിററ്യൂട്ടിന്റെ അംഗങ്ങളായി അറിയപ്പെടുന്നതും ആകുന്നു.

(2) ഇൻസ്റ്റിററ്യൂട്ടിന് ശാശ്വതമായ പിൻതുടർച്ചാവകാശവും പൊതുമുദ്രയും ഉണ്ടായിരിക്കുന്നതും അതിന് ജംഗമവും സ്ഥാവരവുമായ വസ്തുക്കൾ ആർജ്ജിക്കുകയും കൈവശം വയ്ക്കുകയും കൈയൊഴിയുകയും ചെയ്യാനുള്ള അധികാരം ഉണ്ടായിരിക്കുന്നതും അതിന് അതിന്റെ നാമത്തിൽ വ്യവഹരിക്കുകയും അതിനെതിരായി വ്യവഹാരം ബോധിപ്പിക്കുകയും ചെയ്യാവുന്നതുമാകുന്നു.

4. **രജിസ്റ്ററിൽ പേർ ചേർക്കൽ.**—(1) താഴെപ്പറയുന്നവരിൽ ഏതൊരാൾക്കും തന്റെ പേർ രജിസ്റ്ററിൽ ചേർക്കപ്പെടാനുള്ള അർഹത ഉണ്ടായിരിക്കുന്നതാകുന്നു, അതായത്:—

(ക) ഈ ആക്ററിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് പിരിച്ചുവിടപ്പെട്ട കമ്പനിയുടെ ഒരു അസോഷ്യേററോ അല്ലെങ്കിൽ ഒരു ഫെലോയോ (ഒരു ഓണററി ഫെലോ ഉൾപ്പെടെ) ആയിരുന്ന ഏതെങ്കിലും ആൾ;

(ഖ) ഭാരത സർക്കാരിനാൽ നൽകപ്പെടുന്ന കമ്പനി സെക്രട്ടറിഷിപ്പിന്റെ ഡിപ്ലോമയുള്ള ഏതെങ്കിലും ആൾ;

(ഗ) പിരിച്ചുവിടപ്പെട്ട കമ്പനി നടത്തിയ പരീക്ഷകൾ പാസ്സാകുകയും ഒന്നുകിൽ പിരിച്ചുവിടപ്പെട്ട കമ്പനി നിർദ്ദേശിച്ച പ്രകാരമോ അല്ലെങ്കിൽ കൗൺസിൽ നിർണ്ണയിച്ച പ്രകാരമോ ഉള്ള പരിശീലനം പൂർത്തിയാക്കുകയും ചെയ്ത ഭാരതത്തിലെ സ്ഥിരതാമസക്കാരനല്ലാത്ത അങ്ങനെയുള്ള ആളൊഴികെ ഏതെങ്കിലും ആൾ;

(ഘ) ഇൻസ്റ്റിററ്യൂട്ടിന്റെ അംഗത്വത്തിനുവേണ്ടി നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള പരീക്ഷ പാസ്സാവുകയും അങ്ങനെയുള്ള പരിശീലനം പൂർത്തിയാക്കുകയും ചെയ്ത ഏതെങ്കിലും ആൾ;

(ങ) ഭാരതത്തിനു വെളിയിൽ, ഇൻസ്റ്റിററ്യൂട്ടിന്റെ അംഗത്വത്തിനുവേണ്ടി ഈ ആക്ററിൻ കീഴിൽ നിർണ്ണയിക്കപ്പെട്ടിട്ടുള്ള പരീക്ഷകൾക്കും പരിശീലനത്തിനും തുല്യമായി കേന്ദ്ര സർക്കാരോ അല്ലെങ്കിൽ കൗൺസിലോ അംഗീകരിച്ചിട്ടുള്ള അങ്ങനെയുള്ള മറ്റേതെങ്കിലും പരീക്ഷ പാസ്സാവുകയോ പരിശീലനം പൂർത്തിയാക്കുകയോ ചെയ്ത ഏതെങ്കിലും ആൾ:

എന്നാൽ, ഈ വകുപ്പിൽ പറഞ്ഞിട്ടുള്ള വിഭാഗങ്ങളിലേതിലെങ്കിലുംപെട്ട, ഭാരതത്തിൽ സ്ഥിരതാമസക്കാരനല്ലാത്ത ഏതെങ്കിലും ആളുടെ സംഗതിയിൽ, കേന്ദ്രസർക്കാരിനോ കൗൺസിലിനോ പൊതു താല്പര്യത്തിൽ ആവശ്യകമോ ഉചിതമോ ആണെന്ന് അത് കരുതാവുന്ന കൂടുതൽ ഉപാധികൾ ചുമത്താവുന്നതാകുന്നു.

(2) (1)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ പറഞ്ഞിട്ടുള്ള വിഭാഗത്തിൽപ്പെട്ട ഓരോ ആൾക്കും ഏതെങ്കിലും പ്രവേശനഫീസ് നൽകാതെ തന്നെ രജിസ്റ്ററിൽ തന്റെ പേര് ചേർത്തുകിട്ടുന്നതാകുന്നു.

(3) (1)-ാം ഉപവകുപ്പിന്റെ (ഗ)-യും (ഘ)-യും (ങ)-യും ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വിഭാഗങ്ങളിലേതിലെങ്കിലുംപെട്ട ഓരോ ആൾക്കും, നിർണ്ണയിക്കപ്പെട്ട രീതിയിൽ അപേക്ഷ നൽകുകയും അത് അനുവദിക്കപ്പെടുകയും ചെയ്യുന്നതിൻമേലും, ഏതു സംഗതിയിലും നാനൂറ് രൂപയിൽ കവിയാത്ത, നിർണ്ണയിക്കപ്പെട്ട പ്രവേശനഫീസ് നൽകുന്നതിൻമേലും, രജിസ്റ്ററിൽ തന്റെ പേര് ചേർത്തുകിട്ടുന്നതാകുന്നു.

(4) കേന്ദ്രസർക്കാരിന്, (1)-ാം ഉപവകുപ്പിന്റെ (ക)-യും (ഗ)-യും ഖണ്ഡങ്ങളിൽ പറഞ്ഞിട്ടുള്ള വിഭാഗങ്ങളിൽപ്പെട്ട എല്ലാ ആളുകളുടേയും പേരുകൾ ഈ ആക്ററിന്റെ പ്രാരംഭത്തിൽ രജിസ്റ്ററിൽ ചേർക്കുന്ന ആവശ്യത്തിന്, ആവശ്യമായ നടപടികൾ എടുക്കാവുന്നതാകുന്നു.

(5) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, കൗൺസിലിന് ഏതെങ്കിലും ആൾ, കമ്പനി സെക്രട്ടറിമാരുടെ വൃത്തിക്ക് മഹത്തായ സംഭാവന നൽകിയിട്ടുണ്ടന്ന് അഭിപ്രായമുള്ള പക്ഷം, അയാൾക്ക് ഓണററി ഫെലോ മെമ്പർഷിപ്പ് നൽകാവുന്നതും അപ്പോൾ കൗൺസിൽ അങ്ങനെയുള്ള ആളുടെ പേർ രജിസ്റ്ററിൽ ചേർക്കേണ്ടതും എന്നാൽ അങ്ങനെയുള്ള ആൾക്ക് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏതെങ്കിലും തെരഞ്ഞെടുപ്പിലോ അല്ലെങ്കിൽ യോഗങ്ങളിലോ വോട്ട് ചെയ്യാനുള്ള അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതും, ഇൻസ്റ്റിറ്റ്യൂട്ടിന് ഏതെങ്കിലും ഫീസ് നൽകാൻ അയാളോട് ആവശ്യപ്പെടാൻ പാടില്ലാത്തതും ആകുന്നു.

5. **അസോഷ്യേററുകളും ഫെലോകളും.**—(1) ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളെ യഥാക്രമം അസോഷ്യേററുകൾ എന്നും ഫെലോകൾ എന്നും പേർ പറയപ്പെടുന്ന രണ്ടു വിഭാഗങ്ങളായി വിഭജിക്കേണ്ടതാകുന്നു.

(2) (4)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ബാധകമാകാത്ത ഏതെങ്കിലും ആൾ, രജിസ്റ്ററിൽ തന്റെ പേർ ചേർക്കപ്പെടുന്നതിൻമേൽ ഒരു അസോഷ്യേററ് ആയിത്തീർന്നതായി കരുതപ്പെടേണ്ടതും അയാളുടെ പേർ അങ്ങനെ ചേർക്കപ്പെട്ടിരിക്കുന്നിടത്തോളംകാലം അയാൾക്ക്, താൻ ഒരു അസോഷ്യേററ് ആണെന്ന് കാണിക്കുന്നതിന് തന്റെ പേരിന് ശേഷം "ക. ഗ. ധ." എന്നീ അക്ഷരങ്ങൾ ഉപയോഗിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതും ആകുന്നു.

(3) ഭാരതത്തിൽ കമ്പനി സെക്രട്ടറിയായി അഞ്ച് വർഷത്തെയെങ്കിലും തുടർച്ചയായ പ്രാക്ററീസ് ഉള്ള അസോഷ്യേററ് ആയ ഒരാളും അഞ്ച് വർഷത്തിൽ കുറയാത്ത കാലയളവിൽ തുടർച്ചയായി ഒരു അസോഷ്യേററ് ആയിരിക്കുകയും ഒരു കമ്പനി സെക്രട്ടറിയായി തുടർച്ചയായ അഞ്ച് വർഷം പ്രാക്ററീസ് ചെയ്തതിന്റെ ഫലമായി സാധാരണഗതിയിൽ ആർജ്ജിക്കാവുന്ന പരിചയത്തിന് തുല്യമായ പരിചയം ഒരാൾക്കുണ്ടെന്നുറപ്പ് വരുത്തുന്ന ഉദ്ദേശ്യത്തോടെ കൗൺസിൽ നിർണ്ണയിക്കാവുന്ന യോഗ്യതകളോ പ്രായോഗിക പരിചയമോ ഉള്ള ഒരാളും നിർണ്ണയിക്കപ്പെടാവുന്ന പ്രവേശനഫീസ്, അത് യാതൊരു സംഗതിയിലും നാനൂറ് രൂപയിൽ കവിയാത്തതായിരിക്കണം, നൽകുന്നതിൻമേലും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രവേശന ഫീസ് നൽകി അപേക്ഷ നൽകുകയും അത് അനുവദിക്കപ്പെടുകയും ചെയ്യുന്നതിനുമേലും ഒരു ഫെലോ ആയി രജിസ്റ്ററിൽ ചേർക്കപ്പെടേണ്ടതാകുന്നു.

വിശദീകരണം I.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക്, ഏതെങ്കിലും കാലയളവിലേക്ക് 6-ാം വകുപ്പിൻകീഴിൽ പ്രാക്ററീസ് സർട്ടിഫിക്കററുള്ള ഒരാൾ, അയാൾ യഥാർത്ഥത്തിൽ ആ കാലയളവിൽ പ്രാക്ററീസ് ചെയ്തിട്ടില്ലെങ്കിൽ തന്നെയും ആ കാലയളവിൽ ഭാരതത്തിൽ പ്രാക്ററീസ് ചെയ്തതായി കരുതപ്പെടേണ്ടതാകുന്നു.

വിശദീകരണം II.—ഒരാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അസോഷ്യേറ്റായിരുന്ന കാലയളവ് കണക്കുകൂട്ടുന്നതിൽ അയാൾ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു അസോഷ്യേറ്റ് ആകുന്നതിന് തൊട്ടുമുമ്പ് പിരിച്ചുവിടപ്പെട്ട കമ്പനിയുടെ ഒരു അസോഷ്യേറ്റായിരുന്നിട്ടുള്ള തുടർച്ചയായ ഏതൊരു കാലയളവും ഉൾപ്പെടുത്തേണ്ടതാകുന്നു.

(4) പിരിച്ചുവിടപ്പെട്ട കമ്പനിയിലെ ഒരു ഫെലോ ആയിരുന്നിരിക്കുകയും 4-ാം വകുപ്പ് (1)-ാം ഉപവകുപ്പിലെ (ക) ഖണ്ഡത്തിൻ കീഴിൽ രജിസ്റ്ററിൽ തന്റെ പേർ ചേർക്കപ്പെടാൻ അവകാശമുണ്ടായിരിക്കുകയും ചെയ്യുന്ന ഒരാൾ ഒരു ഫെലോ ആയി രജിസ്റ്ററിൽ പേർ ചേർക്കപ്പെടേണ്ടതാകുന്നു.

(5) ഒരു ഫെലോ ആയി രജിസ്റ്ററിൽ പേർ ചേർക്കപ്പെട്ട ഏതൊരാൾക്കും തന്റെ പേർ അങ്ങനെ ചേർക്കപ്പെട്ടിരിക്കുന്നിടത്തോളം കാലം താൻ ഒരു ഫെലോ ആണെന്ന് കാണിക്കുന്നതിന് തന്റെ പേരിനുശേഷം "ച. ഗ. ധ." എന്നീ അക്ഷരങ്ങൾ ഉപയോഗിക്കുന്നതിന് അർഹതയുണ്ടായിരിക്കുന്നതാകുന്നു.

6. **പ്രാക്റ്റീസ് സർട്ടിഫിക്കറ്റ്.**—(1) ഇൻസ്റ്റിറ്റ്യൂട്ടിന്റെ യാതൊരു അംഗത്തിനും കൗൺസിലിൽ നിന്ന് ഒരു പ്രാക്റ്റീസ് സർട്ടിഫിക്കറ്റ് ലഭിക്കാത്തപക്ഷം ഭാരതത്തിലോ മറ്റെവിടെയെങ്കിലുമോ പ്രാക്റ്റീസ് ചെയ്യുന്നതിന് അർഹത ഉണ്ടായിരിക്കുന്നതല്ല.

(2) പ്രാക്റ്റീസ് ചെയ്യുവാൻ അർഹതയുണ്ടാകാനാഗ്രഹിക്കുന്ന ഒരു മെമ്പർ, തന്റെ സർട്ടിഫിക്കറ്റിന് നിർണ്ണയിക്കപ്പെടാവുന്ന ഫാറത്തിൽ അപേക്ഷിക്കേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന വാർഷികഫീസ്, അത് ഏതു സംഗതിയിലും, ഇരുനൂറ് രൂപയിൽ കവിയാത്തതായിരിക്കണം, നൽകേണ്ടതും, അങ്ങനെയുള്ള ഫീസ് ഓരോ വർഷവും ഏപ്രിൽ മാസം ഒന്നാം തീയതിയോ അതിനു മുമ്പോ നൽകേണ്ടതുമാകുന്നു.

7. **അംഗങ്ങൾ കമ്പനി സെക്രട്ടറിമാർ എന്ന് അറിയപ്പെടേണ്ടതാണെന്ന്.**—ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാക്റ്റീസ് ചെയ്യുന്ന ഓരോ അംഗവും കമ്പനി സെക്രട്ടറിയുടെ ഉദ്യോഗപ്പേര് ഉപയോഗിക്കേണ്ടതും മറ്റേതെങ്കിലും അംഗത്തിന് കമ്പനി സെക്രട്ടറിയുടെ ഉദ്യോഗപ്പേര് ഉപയോഗിക്കാവുന്നതും അങ്ങനെയുള്ള ഉദ്യോഗപ്പേര് ഉപയോഗിക്കുന്ന ഒരു മെമ്പർ അതിന് പുറമെയോ അതിനുപകരമായോ മറ്റേതെങ്കിലും വിവരണം ഉപയോഗിക്കാൻ പാടില്ലാത്തതുമാകുന്നു:

എന്നാൽ ഈ വകുപ്പിലെ യാതൊന്നും, അങ്ങനെയുള്ള ഏതെങ്കിലും മെമ്പറെ, അയാൾക്ക് അതിനർഹതയുള്ള പക്ഷം, കൗൺസിൽ ഇതിലേക്ക് അംഗീകരിക്കാവുന്ന ഭാരതത്തിലോ മറ്റെവിടെയെങ്കിലുമോ ഉള്ള മറ്റ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെമ്പർ ആണെന്ന് സൂചിപ്പിക്കുവാൻ ഏതെങ്കിലും വിവരണമോ അക്ഷരങ്ങളോ, അയാൾക്കുള്ള മറ്റേതെങ്കിലും യോഗ്യതയോ തന്റെ പേരിനോട് ചേർക്കുന്നതിൽ നിന്നും തടയുന്നതായോ, ഒരു ഫേമിന്റെ എല്ലാ പങ്കാളികളും ഇൻസ്റ്റിറ്റ്യൂട്ടിന്റെ മെമ്പർമാരായിരിക്കുകയും പ്രാക്റ്റീസ് ചെയ്യുകയും ചെയ്യുന്ന അങ്ങനെയുള്ള ഒരു ഫേമിനെ കമ്പനി സെക്രട്ടറിമാരായി ഫേമിന്റെ നാമത്തിൽ അറിയപ്പെടുന്നതിൽ നിന്നും തടയുന്നതായോ കരുതപ്പെടുന്നതല്ല.

8. **അവശതകൾ.**—4-ാം വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഒരാളിന്,—

(ക) തന്റെ പേര് രജിസ്റ്ററിൽ ചേർക്കാനുള്ള അപേക്ഷ നൽകുന്ന സമയത്ത് 21 വയസ്സ് തികയാതിരിക്കുകയോ; അല്ലെങ്കിൽ

(ഖ) ചിത്തഭ്രമമുള്ളവനായിരിക്കുകയും, ആയത് ക്ഷമതയുള്ള കോടതിയാൽ വിധിക്കപ്പെട്ടിരിക്കുകയും; അല്ലെങ്കിൽ

(ഗ) ഒരു അവിമുക്ത നിർദ്ധനൻ ആയിരിക്കുകയോ; അല്ലെങ്കിൽ

(ഘ) അവിമുക്ത നിർദ്ധനനാണെന്നിരിക്കെ അയാൾക്ക് നിർദ്ധനത്വം ഉണ്ടാകാൻ കാരണം നിർഭാഗ്യം കൊണ്ടായിരുന്നുവെന്നും അയാളുടെ യാതൊരുവിധ ദുർനടപടിയും കൊണ്ടായിരുന്നില്ലായെന്നും പ്രസ്താവിക്കുന്ന ഒരു സർട്ടിഫിക്കറ്റ് കോടതിയിൽ നിന്നും നേടാതിരിക്കുകയോ ; അല്ലെങ്കിൽ

(ങ) ഭാരതത്തിനകത്തോ പുറത്തോ ക്ഷമതയുള്ള ഒരു കോടതിയാൽ സാന്മാർഗികാധഃപതനം അടങ്ങുന്നതും തടവുശിക്ഷ നൽകി ശിക്ഷിക്കപ്പെടാവുന്നതുമായ ഒരു കുറ്റത്തിന് അയാൾ കുറ്റസ്ഥാപനം ചെയ്യപ്പെട്ടിരിക്കുകയോ അയാളുടെ വൃത്തിപരമായ നിലയിൽ ചെയ്ത സാങ്കേതിക സ്വഭാവത്തിലുള്ളതല്ലാത്ത ഒരു കുറ്റത്തിന്, ആ കുറ്റം സംബന്ധിച്ച് അയാൾക്ക് മാപ്പ് നൽകുകയോ ഇതിലേക്ക് അയാൾ നല്കിയ അപേക്ഷയിൻമേൽ കേന്ദ്ര സർക്കാർ ലിഖിതമായ ഉത്തരവിനാൽ അവശത നീക്കം ചെയ്യുകയോ ചെയ്യാത്ത പക്ഷം, കുറ്റസ്ഥാപനം ചെയ്യപ്പെടുകയോ; അല്ലെങ്കിൽ

(ച) ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗത്വത്തിൽ നിന്ന്, അന്വേഷണത്തിൽ വൃത്തിപരമോ മറ്റു വിധത്തിലോ ഉള്ള ദുർനടപടിക്ക് കുറ്റക്കാരനാണെന്ന് കണ്ട് നീക്കം ചെയ്തിരിക്കുകയോ,

ചെയ്യുന്നപക്ഷം അയാളുടെ പേര് രജിസ്റ്ററിൽ ചേർക്കപ്പെടുന്നതിനോ അല്ലെങ്കിൽ രജിസ്റ്ററിൽ ഉണ്ടായിരിക്കുന്നതിനോ അയാൾക്ക് അവകാശം ഉണ്ടായിരിക്കുന്നതല്ല:

എന്നാൽ അംഗത്വത്തിൽ നിന്നും ഒരു നിർദ്ദിഷ്ട കാലത്തേക്ക് നീക്കം ചെയ്യപ്പെട്ടിട്ടുള്ള ഒരാൾക്ക് അങ്ങനെയുള്ള കാലാവധി തീരുന്നതുവരെ തന്റെ പേര് രജിസ്റ്ററിൽ ചേർക്കപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുന്നതല്ല.

## അദ്ധ്യായം III

## ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൗൺസിൽ

9. **ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൗൺസിലിന്റെ രൂപവല്ക്കരണം.**—(1) ഇൻസ്റ്റിറ്റ്യൂട്ടിന്റെ കാര്യങ്ങളുടെ നടത്തിപ്പിനും ഈ ആക്റ്റിനാലോ ആക്റ്റിൻ കീഴിലോ അതിന് നല്കിയിട്ടുള്ള ചുമതലകൾ നിർവ്വഹിക്കുന്നതിനും ഒരു കൗൺസിൽ ഉണ്ടായിരിക്കുന്നതാകുന്നു.

(2) കൗൺസിൽ,—

(ക) ഫെലോകളുടെ ഇടയിൽനിന്നും ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങൾ, ഇതിലേക്ക് കേന്ദ്ര സർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യാവുന്ന രീതിയിലും അങ്ങനെയുള്ള പ്രാദേശിക നിയോജകമണ്ഡലങ്ങളിലും നിന്ന് തിരഞ്ഞെടുക്കുന്ന പന്ത്രണ്ടിൽ കവിയാത്ത ആളുകളും;

(ഖ) കേന്ദ്രസർക്കാർ നാമനിർദ്ദേശം ചെയ്യുന്ന നാലിൽ കവിയാത്ത ആളുകളും,

അടങ്ങിയതായിരിക്കേണ്ടതാകുന്നു.

10. **കൗൺസിലിലേക്കുള്ള തിരഞ്ഞെടുപ്പിന്റെ രീതി**.—(1) 9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിലുള്ള തിരഞ്ഞെടുപ്പുകൾ നിർണ്ണയിക്കപ്പെട്ട രീതിയിൽ നടത്തേണ്ടതാണ്.

(2) അങ്ങനെയുള്ള ഏതെങ്കിലും തിരഞ്ഞെടുപ്പ് സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉണ്ടാകുന്നിടത്ത്, കൗൺസിൽ, അക്കാര്യം കേന്ദ്ര സർക്കാർ ഇതിലേക്ക് നിയമിച്ചിട്ടുള്ള ഒരു ട്രൈബ്യൂണലിന് റഫർ ചെയ്യേണ്ടതും അങ്ങനെയുള്ള ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കുന്നതുമാകുന്നു:

എന്നാൽ, തിരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ച തീയതി മുതൽ മുപ്പത് ദിവസത്തിനകം സങ്കടകക്ഷി കൗൺസിലിന് നൽകുന്ന ഒരു അപേക്ഷയിൻമേലല്ലാതെ അങ്ങനെയുള്ള യാതൊരു റഫറൻസും നടത്താൻ പാടില്ലാത്തതാകുന്നു.

(3) ട്രൈബ്യൂണലിന്റെ ചെലവുകൾ കൗൺസിൽ വഹിക്കേണ്ടതാകുന്നു.

(4) ഈ വകുപ്പിലും IX-ാം അദ്ധ്യായത്തിലും എന്തുതന്നെ അടങ്ങിയിരുന്നാലും പിരിച്ചുവിടപ്പെട്ട കമ്പനിയുടെ കൗൺസിൽ, ഈ ആക്റ്റിന്റെ പ്രാരംഭത്തോടെ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ കൗൺസിൽ ആയിത്തീരുന്നതും, അത്—

(i) അങ്ങനെയുള്ള പ്രാരംഭം മുതൽ രണ്ടു വർഷക്കാലത്തേക്കോ, അല്ലെങ്കിൽ

(ii) 9-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കൗൺസിൽ രൂപവൽക്കരിക്കുന്നതുവരെയോ,

ഇതിലേതാണ് ആദ്യത്തേത് അതുവരെ അങ്ങനെ പ്രവർത്തിക്കേണ്ടതുമാകുന്നു.

വിശദീകരണം.—ഈ ഉപവകുപ്പിന്റെ ആവശ്യങ്ങൾക്ക് 9-ാം വകുപ്പ് (2)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി കൗൺസിൽ, കേന്ദ്രസർക്കാർ ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യാവുന്ന അങ്ങനെയുള്ള തീയതി മുതൽ, രൂപവൽക്കരിച്ചതായി കണക്കാക്കേണ്ടതാകുന്നു. അത് പ്രസ്തുത (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ ആദ്യത്തെ തിരഞ്ഞെടുപ്പുകളുടെ ഫലപ്രഖ്യാപനം നടത്തിയ തീയതി മുതൽ മുപ്പത് ദിവസം കഴിഞ്ഞുള്ളതായിരിക്കരുത്.

11. **തിരഞ്ഞെടുപ്പ് നടക്കാത്തപ്പോൾ നാമനിർദ്ദേശം**.—9-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ, ആ ഖണ്ഡത്തിൻ കീഴിൽ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യാവുന്ന പ്രാദേശിക നിയോജക മണ്ഡലങ്ങളിലേതിലെങ്കിലും നിന്ന് ഏതെങ്കിലും അംഗത്തെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങൾ തിരഞ്ഞെടുക്കാത്ത പക്ഷം, കേന്ദ്ര സർക്കാരിന് അങ്ങനെയുള്ള നിയോജകമണ്ഡലത്തിൽ നിന്നും യഥാവിധി യോഗ്യതയുള്ള ഏതെങ്കിലും ആളെ ഒഴിവ് നികത്തുന്നതിന് നാമനിർദ്ദേശം ചെയ്യാവുന്നതും അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട ഏതെങ്കിലും ആൾ കൗൺസിലിന്റെ യഥാവിധി തിരഞ്ഞെടുക്കപ്പെട്ട ഒരു അംഗമായി കണക്കാക്കപ്പെടേണ്ടതുമാകുന്നു.

12. **പ്രസിഡന്റും വൈസ്പ്രസിഡന്റും**.—(1) കൗൺസിൽ അതിന്റെ പ്രഥമയോഗത്തിൽ വച്ച് അതിന്റെ രണ്ട് അംഗങ്ങളെ യഥാക്രമം പ്രസിഡന്റായും വൈസ്പ്രസിഡന്റായും തിരഞ്ഞെടുക്കേണ്ടതും പ്രസിഡന്റിന്റെയോ വൈസ്പ്രസിഡന്റിന്റെയോ ഉദ്യോഗത്തിൽ ഒഴിവ് ഉണ്ടാകുമ്പോഴെല്ലാം കൗൺസിൽ ഒരാളെ, അതതു സംഗതിപോലെ, പ്രസിഡന്റായോ വൈസ്പ്രസിഡന്റായോ തിരഞ്ഞെടുക്കേണ്ടതുമാകുന്നു:

എന്നാൽ പിരിച്ചുവിടപ്പെട്ട കമ്പനിയുടെ കൗൺസിലിന്റെ പ്രസിഡന്റ് ഈ ആക്റ്റിന്റെ പ്രാരംഭത്തിനു ശേഷവും, ഈ ഉപവകുപ്പിലെ വ്യവസ്ഥകളിൻകീഴിൽ ഒരു പ്രസിഡന്റ് തിരഞ്ഞെടുക്കപ്പെടുന്നതുവരെ, അങ്ങനെയുള്ള ഉദ്യോഗത്തിൽ തുടരേണ്ടതാകുന്നു.

(2) പ്രസിഡന്റ് കൗൺസിലിന്റെ ചീഫ് എക്സിക്യൂട്ടീവ് അതോറിറ്റി ആയിരിക്കേണ്ടതാകുന്നു.

(3) പ്രസിഡന്റോ വൈസ്പ്രസിഡന്റോ അയാൾ തിരഞ്ഞെടുക്കപ്പെട്ട തീയതി മുതൽ കൗൺസിലിന്റെ ഒരംഗമായുള്ള അയാളുടെ ഉദ്യോഗ കാലാവധിയിൽ കവിയാത്ത ഒരു വർഷക്കാലം ഉദ്യോഗം വഹിക്കേണ്ടതും അയാൾ കൗൺസിലിന്റെ അംഗമായി തുടരുന്നു എന്നതിന് വിധേയമായി വീണ്ടും തിരഞ്ഞെടുക്കപ്പെടുന്നതിന് അയാൾക്കർഹതയുണ്ടായിരിക്കുന്നതുമാകുന്നു.

(4) കൗൺസിലിന്റെ കാലാവധിയോ അതിന്റെ പ്രസിഡന്റിന്റെ ഉദ്യോഗ കാലാവധിയോ തീരുമ്പോൾ പുതിയ ഒരു പ്രസിഡന്റ് തിരഞ്ഞെടുക്കപ്പെട്ട് അയാൾ തന്റെ ചുമതലകൾ ഏറ്റെടുക്കുന്നതുവരെ പ്രസിഡന്റ് ആ ഉദ്യോഗത്തിൽ തുടരേണ്ടതാകുന്നു.

(5) പ്രസിഡന്റിന്റെ ഉദ്യോഗത്തിൽ ഏതെങ്കിലും ഒഴിവ് ഉണ്ടാകുന്ന സംഗതിയിൽ അങ്ങനെയുള്ള ഒഴിവ് നികത്തുന്നതിന് ഈ വകുപ്പിലെ വ്യവസ്ഥകൾക്ക് അനുസൃതമായി പുതിയ ഒരു പ്രസിഡന്റ് തിരഞ്ഞെടുക്ക

പ്പെട്ട്, തന്റെ ഉദ്യോഗത്തിൽ അയാൾ പ്രവേശിക്കുന്ന തീയതി വരെ, വൈസ്പ്രസിഡന്റ് പ്രസിഡന്റായി പ്രവർത്തിക്കേണ്ടതും പ്രസിഡന്റിന് തന്റെ അഭാവമോ അസുഖമോ മറ്റേതെങ്കിലും കാരണമോകൊണ്ട് തന്റെ ചുമതലകൾ നിർവ്വഹിക്കുവാൻ കഴിയാതിരിക്കുമ്പോൾ, പ്രസിഡന്റ് തന്റെ ജോലിയിൽ വീണ്ടും പ്രവേശിക്കുന്ന തീയതി വരെ വൈസ്പ്രസിഡന്റ് പ്രസിഡന്റിന്റെ ചുമതലകൾ നിർവ്വഹിക്കേണ്ടതുമാകുന്നു.

13. **അംഗത്വം രാജിവയ്ക്കലും ആകസ്മിക ഒഴിവുകളും.**—(1) കൗൺസിലിന്റെ ഏതൊരു അംഗത്തിനും പ്രസിഡന്റിന് സ്വന്തം കയ്യൊപ്പിട്ട് എഴുതി അയച്ച് തന്റെ അംഗത്വം ഏതു സമയത്തും രാജിവയ്ക്കാവുന്നതും രാജി ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം ചെയ്യപ്പെടുമ്പോൾ അങ്ങനെയുള്ള അംഗത്തിന്റെ സ്ഥാനം ഒഴിവുള്ളതായിത്തീരുന്നതുമാകുന്നു.

(2) കൗൺസിലിന്റെ ഒരംഗം, കൗൺസിലിന്റേയോ കൗൺസിൽ രൂപവൽക്കരിച്ചതും താൻ അംഗമായിരിക്കുന്നതുമായ ഏതെങ്കിലും കമ്മിറ്റിയുടെയോ തുടർച്ചയായ മൂന്നു യോഗങ്ങളിൽ മതിയായ കാരണം കൂടാതെ അയാൾ ഹാജരാകുകയുണ്ടായില്ലായെന്ന് കൗൺസിൽ പ്രഖ്യാപിച്ചിരിക്കുന്ന പക്ഷമോ രജിസ്റ്ററിൽനിന്നും അയാളുടെ പേര് 20-ാം വകുപ്പിൻ കീഴിൽ ഏതെങ്കിലും കാരണത്താൽ നീക്കം ചെയ്യപ്പെട്ടിരിക്കുന്ന പക്ഷമോ തന്റെ സ്ഥാനം അയാൾ ഒഴിഞ്ഞതായി കണക്കാക്കേണ്ടതാകുന്നു.

(3) കൗൺസിലിന്റെ ഒരംഗത്തിന്റെ ഉദ്യോഗത്തിലുള്ള ആകസ്മിക ഒഴിവ്, ബന്ധപ്പെട്ട നിയോജകമണ്ഡലത്തിൽ നിന്നുള്ള പുതിയ തിരഞ്ഞെടുപ്പോ അല്ലെങ്കിൽ, അതതു സംഗതിപോലെ കേന്ദ്ര സർക്കാരിനാലുള്ള നാമനിർദ്ദേശമോ വഴി നികത്തേണ്ടതും ആ ഒഴിവ് നികത്താൻ തിരഞ്ഞെടുക്കപ്പെടുകയോ നാമനിർദ്ദേശം ചെയ്യപ്പെടുകയോ ചെയ്ത ആൾ കൗൺസിലിന്റെ പിരിച്ചുവിടൽ വരെ ഉദ്യോഗം വഹിക്കേണ്ടതുമാകുന്നു:

എന്നാൽ, കൗൺസിലിന്റെ കാലാവധി തീരുന്ന തീയതിക്കുമുമ്പ് ആറു മാസത്തിനകം ഉണ്ടാകുന്ന ഒരു ആകസ്മിക ഒഴിവ് നികത്താൻ യാതൊരു തിരഞ്ഞെടുപ്പും നടത്താൻ പാടില്ലാത്തതും എന്നാൽ അങ്ങനെയുള്ള ഒരു ഒഴിവ് കൗൺസിലിന്റെ പ്രസിഡന്റുമായി ആലോചിച്ചശേഷം കേന്ദ്ര സർക്കാരിന് നാമനിർദ്ദേശം വഴി നികത്താവുന്നതും ആകുന്നു.

(4) കൗൺസിൽ ചെയ്ത യാതൊരു കൃത്യവും കൗൺസിലിൽ ഏതെങ്കിലും ഒരു ഒഴിവ് നിലവിലുണ്ടെന്നോ കൗൺസിലിന്റെ രൂപവൽക്കരണത്തിൽ ന്യൂനതയുണ്ടെന്നോ ഉള്ള കാരണത്താൽ മാത്രം ചോദ്യം ചെയ്യപ്പെടാൻ പാടില്ലാത്തതാകുന്നു.

14. **കൗൺസിലിന്റെ കാലാവധിയും പിരിച്ചുവിടലും.**—(1) ഈ ആക്റ്റിൻ കീഴിൽ രൂപവൽക്കരിച്ച ഏതെങ്കിലും കൗൺസിലിന്റെ കാലാവധി അതിന്റെ പ്രഥമ യോഗത്തിന്റെ തീയതി മുതൽ മൂന്നു വർഷമായിരിക്കുന്നതാകുന്നു.

(2) കൗൺസിലിന്റെ കാലാവധി അവസാനിച്ചിരുന്നാൽത്തന്നെയും (ഇതിനുശേഷം ഈ ഉപവകുപ്പിൽ മുൻ കൗൺസിലെന്ന് പരാമർശിക്കപ്പെട്ടിരിക്കുന്നു) ഈ ആക്റ്റിലെ വ്യവസ്ഥകൾക്കനുസൃതമായി പുതിയ ഒരു കൗൺസിൽ രൂപവൽക്കരിക്കുന്നതുവരെ മുൻ കൗൺസിൽ ഈ ആക്റ്റിൻ കീഴിലുള്ള അതിന്റെ ചുമതലകൾ തുടർന്നും നിർവ്വഹിക്കേണ്ടതും അങ്ങനെയുള്ള രൂപവൽക്കരണത്തിൻമേൽ മുൻ കൗൺസിൽ പിരിച്ചുവിടപ്പെട്ടതായിത്തീരുന്നതുമാകുന്നു.

15. **കൗൺസിലിന്റെ ചുമതലകൾ**.—(1) ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പിൽ വരുത്തേണ്ട കർത്തവ്യം കൗൺസിലിൽ നിക്ഷിപ്തമായിരിക്കുന്നതാകുന്നു.

(2) പ്രത്യേകിച്ചും, മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും കൗൺസിലിന്റെ കർത്തവ്യങ്ങളിൽ,—

(ക) രജിസ്റ്ററിൽ അപേക്ഷകരുടെ പേര് ചേർക്കുന്നതിനുള്ള പരീക്ഷകളുടെ നിലവാരങ്ങളും അവയുടെ നടത്തിപ്പും അവയ്ക്കുള്ള ഫീസും നിർണ്ണയിക്കലും;

(ഖ) വിദ്യാർത്ഥികളുടെ രജിസ്ററർ ചെയ്യലും പരിശീലനവും;

(ഗ) രജിസ്റ്ററിൽ പേര് ചേർക്കപ്പെടുവാനുള്ള യോഗ്യതകൾ നിർണ്ണയിക്കലും;

(ഘ) പേര് ചേർക്കുന്ന ആവശ്യത്തിന് വിദേശ യോഗ്യതകളുടേയും പരിശീലനത്തിന്റെയും അംഗീകരിക്കലും;

(ങ) ഈ ആക്റ്റിൻ കീഴിൽ പ്രാക്റ്റീസ് സർട്ടിഫിക്കററ് നൽകുന്നതും നൽകാൻ വിസമ്മതിക്കുന്നതും;

(ച) കമ്പനി സെക്രട്ടറിമാരായി പ്രാക്റ്റീസ് ചെയ്യുവാൻ യോഗ്യരായ ആളുകളുടെ രജിസ്റ്റർ വച്ചുപോരലും പ്രസിദ്ധീകരിക്കലും;

(ഛ) അംഗങ്ങൾ പരീക്ഷാർത്ഥികൾ മറ്റാളുകൾ എന്നിവരിൽനിന്നും ഫീസ് ചുമത്തലും; പിരിച്ചെടുക്കലും;

(ജ) രജിസ്റ്ററിൽനിന്ന് പേരുകൾ നീക്കം ചെയ്യലും നീക്കംചെയ്യപ്പെട്ട പേരുകൾ രജിസ്റ്ററിൽ തിരികെ ചേർക്കലും;

(ഝ) ഇൻസ്റ്റിററ്യൂട്ടിന്റെ അംഗങ്ങളുടെ വൃത്തിപരമായ യോഗ്യതകളുടെ പദവിയും നിലവാരങ്ങളും ക്രമപ്പെടുത്തുന്നതും നിലനിർത്തുന്നതും;

(ഞ) കമ്പനി സെക്രട്ടറിമാരുടെ താൽപര്യത്തിലുള്ള നിർണ്ണയിക്കപ്പെടാവുന്ന വിഷയങ്ങളിൽ കൗൺസിലിന്റെ അംഗങ്ങളല്ലാത്ത ആളുകൾക്ക് സാമ്പത്തിക സഹായം നൽകിയോ മറ്റു വിധത്തിലോ ഗവേഷണം നടത്തുന്നതും;

(ട) നിർണ്ണയിക്കപ്പെടാവുന്നരീതിയിൽ ഗ്രന്ഥശാലകൾ സംരക്ഷിക്കുന്നതും കമ്പനികളുടെ മാനേജുമെന്റിനെയോ നിർണ്ണയിക്കപ്പെടാവുന്ന ബന്ധപ്പെട്ട വിഷയങ്ങളെയോ സംബന്ധിച്ച പുസ്തകങ്ങളോ നിർണ്ണയിക്കപ്പെട്ട രീതിയിൽ പ്രസിദ്ധീകരിക്കുന്നതും;

(ഠ) ഇൻസ്റ്റിറ്റ്യൂട്ടിലെ വിദ്യാർത്ഥികൾക്ക് നിർണ്ണയിക്കപ്പെടാവുന്ന ധനപരമോ മറ്റ് വിധത്തിലോ ഉള്ള സഹായം നൽകുന്നതും;

(ഡ) നിർണ്ണയിക്കപ്പെടാവുന്ന അച്ചടക്കസംബന്ധമായ അധികാരങ്ങൾ വിനിയോഗിക്കുന്നതും,

ഉൾപ്പെടുന്നതാകുന്നു.

16. **സ്റ്റാഫും വേതനവും ബത്തകളും.**—(1) കൗൺസിൽ അതിന്റെ കർത്തവ്യങ്ങളുടെയും ചുമതലകളുടെയും കാര്യക്ഷമമായ നിർവ്വഹണത്തിന് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗമായ ഒരാളെ സെക്രട്ടറിയായി നിയമിക്കേണ്ടതും,—

(ക) ആവശ്യമെന്ന് അത് കരുതുന്നത്ര മറ്റ് ആളുകളെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്റ്റാഫിൽ അതിന് നിയമിക്കാവുന്നതും;

(ഖ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെക്രട്ടറിയുടെയും 33-ാം വകുപ്പിൻകീഴിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജീവനക്കാർ ആയിത്തീർന്ന ആളുകൾ ഉൾപ്പെടെയുള്ള മറ്റു ജീവനക്കാരുടെയും സേവനത്തിന്റെ നിബന്ധനകളും ഉപാധികളും ശമ്പള നിരക്കുകളും നിർണ്ണയിക്കാവുന്നതും;

(ഗ) പ്രസിഡന്റിന്റെയും വൈസ് പ്രസിഡന്റിന്റെയും കൗൺസിലിന്റെയും അതിന്റെ കമ്മിറ്റികളുടെയും മറ്റ് അംഗങ്ങളുടെയും ബത്തകൾ നിശ്ചയിക്കാവുന്നതും,

ആകുന്നു.

(2) ഇൻസ്റ്റിറ്റ്യൂട്ടിന്റെ സെക്രട്ടറിക്ക് കൗൺസിലിന്റെയും അതിന്റെ കമ്മിറ്റികളുടെയും യോഗങ്ങളിൽ പങ്കെടുക്കാൻ അവകാശം ഉണ്ടായിരിക്കുന്നതും, എന്നാൽ അവയിൽ വോട്ടുചെയ്യാൻ അവകാശം ഉണ്ടായിരിക്കുന്നതല്ലാത്തതുമാകുന്നു.

17. **കൗൺസിലിന്റെ സമിതികൾ.**—(1) കൗൺസിൽ അതിന്റെ അംഗങ്ങളുടെ ഇടയിൽനിന്നും താഴെ പറയുന്ന സ്റ്റാൻഡിംഗ് സമിതികൾ രൂപവൽകരിക്കേണ്ടതാകുന്നു, അതായത്:—

(ക) ഒരു നിർവാഹക സമിതി;

(ഖ) അച്ചടക്ക സമിതി;

(ഗ) ഒരു പരീക്ഷാ സമിതി.

(2) കൗൺസിലിന് അതിന്റെ അംഗങ്ങളുടെ ഇടയിൽനിന്നും പരിശീലനത്തിനും വിദ്യാഭ്യാസ സൗകര്യങ്ങൾക്കുമുള്ള ഒരു സമിതിയും വ്യക്തിപരമായ ഗവേഷണത്തിനും പ്രസിദ്ധീകരണങ്ങൾക്കുമുള്ള സമിതിയും ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്ന ഉദ്ദേശ്യത്തിന് ആവശ്യമെന്ന് അത് കരുതുന്ന മറ്റ് സമിതികളുംകൂടി രൂപവൽകരിക്കാവുന്നതാണ്.

(3) നിർവാഹകസമിതി, പ്രസിഡന്റും, വൈസ് പ്രസിഡന്റും എക്സ് ഒഫിഷ്യോ ആയും കൗൺസിൽ തിരഞ്ഞെടുക്കുന്ന കൗൺസിലിലെ മററ് മൂന്ന് അംഗങ്ങളും അടങ്ങിയതായിരിക്കേണ്ടതാകുന്നു.

(4) അച്ചടക്കസമിതി, പ്രസിഡന്റ് എക്സ് ഒഫിഷ്യോ ആയും, കൗൺസിലിലേക്ക് കേന്ദ്രസർക്കാർ നാമനിർദ്ദേശംചെയ്ത അംഗങ്ങളുടെ ഇടയിൽനിന്നും ആ സർക്കാർ നാമനിർദ്ദേശം ചെയ്യാവുന്ന ഒരു അംഗവും കൗൺസിൽ തിരഞ്ഞെടുക്കേണ്ട ഒരു അംഗവും അടങ്ങിയതായിരിക്കേണ്ടതാകുന്നു.

(5) പരീക്ഷാ സമിതി, കൗൺസിൽ തീരുമാനിക്കാവുന്ന പ്രകാരം പ്രസിഡന്റ് അല്ലെങ്കിൽ വൈസ് പ്രസിഡന്റ് എക്സ് ഒഫിഷ്യോ ആയും കൗൺസിൽ തിരഞ്ഞെടുത്ത കൗൺസിലിലെ രണ്ടംഗങ്ങളും അടങ്ങിയതായിരിക്കേണ്ടതാകുന്നു.

(6) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും (2)-ാം ഉപവകുപ്പിൻകീഴിൽ രൂപവൽക്കരിച്ച ഏതൊരു സമിതിക്കും കൗൺസിലിന്റെ അനുവാദത്തോടുകൂടി സമിതിയിലെ മൊത്തം അംഗത്വത്തിന്റെ മൂന്നിൽരണ്ടുഭാഗത്തിൽ കവിയാത്തത്ര സമിതി യുക്തമെന്ന് കരുതുന്ന, ഇൻസ്റ്റിറ്റ്യൂട്ടിന്റെ മറ്റ് അംഗങ്ങളെ കോ-ഓപ്റ്റ് ചെയ്യാവുന്നതും, അപ്രകാരം കോ-ഓപ്റ്റ് ചെയ്യപ്പെട്ട ഏതൊരു അംഗത്തിനും സമിതിയിലെ ഒരു അംഗത്തിനുള്ള എല്ലാ അവകാശങ്ങളും വിനിയോഗിക്കുവാൻ അർഹതയുണ്ടായിരിക്കുന്നതുമാകുന്നു.

(7) ഈ വകുപ്പിൻകീഴിൽ രൂപവൽക്കരിച്ച ഓരോ സമിതിയും അതിന്റെ ചെയർമാനെ തെരഞ്ഞെടുക്കേണ്ടതാകുന്നു; എന്നാൽ—

(i) അങ്ങനെയുള്ള സമിതിയിൽ പ്രസിഡന്റ് അംഗമായിരിക്കുന്നിടത്ത് അദ്ദേഹം അങ്ങനെയുള്ള സമിതിയുടെ ചെയർമാൻ ആയിരിക്കേണ്ടതും അദ്ദേഹത്തിന്റെ അഭാവത്തിൽ വൈസ് പ്രസിഡന്റ് ആ സമിതിയിലെ ഒരു അംഗമാണെങ്കിൽ അതിന്റെ ചെയർമാനായിരിക്കേണ്ടതും ;

(ii) അങ്ങനെയുള്ള സമിതിയിൽ പ്രസിഡന്റ് ഒരു അംഗമല്ലാതിരിക്കുകയും എന്നാൽ വൈസ് പ്രസിഡന്റ് ഒരു അംഗവുമായിരിക്കുകയും ചെയ്യുന്നിടത്ത് അദ്ദേഹം അതിന്റെ ചെയർമാൻ ആയിരിക്കേണ്ടതും,

ആകുന്നു.

(8) ഈ വകുപ്പിൻകീഴിൽ രൂപീകരിച്ച സ്ഥിരം സമിതികളും മറ്റ് സമിതികളും നിർണ്ണയിക്കപ്പെടാവുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതും അവയുടെ നിർവ്വഹണം നിർണ്ണയിക്കപ്പെടാവുന്ന ഉപാധികൾക്ക് വിധേയമായിരിക്കുന്നതുമാകുന്നു.

18. **കൗൺസിലിന്റെ ധനകാര്യം.**—(1) കൗൺസിലിന്റെ നടത്തിപ്പിലും നിയന്ത്രണത്തിലുമുള്ള ഒരു ഫണ്ട് രൂപീകരിക്കേണ്ടതും കൗൺസിലിന് ലഭിക്കുന്ന എല്ലാ പണവും (സംഭാവനകളും ഗ്രാന്റുകളും ഉൾപ്പെടെ) അതിൽ അടയ്ക്കേണ്ടതും കൗൺസിൽ നടത്തിയ ഏതെങ്കിലും സംഭാവനകളും കൗൺസിലിന് ന്യായമായി നേരിട്ട ബാദ്ധ്യതകളും ഉൾപ്പെടെയുള്ള എല്ലാ ചെലവുകളും അതിൽനിന്നും കൊടുക്കേണ്ടതുമാകുന്നു.

(2) കൗൺസിലിന് തത്സമയം ഫണ്ടിന്റെ ക്രഡിറ്റിലുള്ള ഏതെങ്കിലും പണം ഏതെങ്കിലും സർക്കാർ സെക്യൂരിറ്റിയിലോ അല്ലെങ്കിൽ കേന്ദ്ര സർക്കാർ അംഗീകരിച്ച മറ്റേതെങ്കിലും സെക്യൂരിറ്റിയിലോ നിക്ഷേപിക്കാവുന്നതാകുന്നു.

(3) കൗൺസിൽ മൂലധനവും റവന്യൂവും വേർതിരിച്ചുള്ള ശരിയായ കണക്കുകൾ സൂക്ഷിക്കേണ്ടതാകുന്നു.

(4) കൗൺസിലിന്റെ വാർഷിക കണക്കുകൾ വർഷംതോറും കൗൺസിൽ നിയമിക്കേണ്ട, ചാർട്ടേഡ് അക്കൗണ്ടന്റ്സ് ആക്റ്റ്, 1949-ന്റെ അർത്ഥത്തിൽ പ്രാക്റ്റീസ് ചെയ്യുന്ന ഒരു ചാർട്ടേഡ് അക്കൗണ്ടന്റിന്റെ ആഡിറ്റിന് വിധേയമാക്കേണ്ടതാകുന്നു:

എന്നാൽ, ചാർട്ടേഡ് അക്കൗണ്ടന്റായ കൗൺസിലിന്റെ ഒരു അംഗത്തിന്റെ അല്ലെങ്കിൽ ആ അംഗവുമായി പങ്കാളിത്തമുള്ള ഒരാൾക്കോ ഈ ഉപവകുപ്പിൻകീഴിൽ ഒരു ആഡിറ്ററായുള്ള നിയമനത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.

(5) പ്രായോഗികമായി കഴിയുന്നത്ര വേഗം ഓരോ വർഷാവസാനത്തിലും, എന്നാൽ തുടർന്നുവരുന്ന വർഷത്തെ സെപ്റ്റംബർ മാസം 30-ാം തീയതിക്കു മുൻപായി ആ വർഷത്തെ ആഡിറ്റുചെയ്ത കണക്കുകളുടെയും കൗൺസിലിന്റെ റിപ്പോർട്ടിന്റെയും ഒരു പകർപ്പ് ഇൻഡ്യാഗസറ്റിൽ കൗൺസിൽ പ്രസിദ്ധപ്പെടുത്തേണ്ടതും പ്രസ്തുത കണക്കുകളുടെയും റിപ്പോർട്ടിന്റെയും പകർപ്പുകൾ കേന്ദ്രസർക്കാരിനും ഇൻസ്റ്റിററ്യൂട്ടിന്റെ എല്ലാ അംഗങ്ങൾക്കും അയച്ചുകൊടുക്കേണ്ടതുമാകുന്നു.

(6) കേന്ദ്രസർക്കാർ ഇതിലേക്ക് ലിഖിതമായ ഉത്തരവിനാൽ ഉണ്ടാക്കാവുന്ന നിർദ്ദേശങ്ങൾക്ക് വിധേയ മായി കൗൺസിലിന്,—

(ക) ഫണ്ടിന്റെ സെക്യൂരിററിയിൻമേലോ തത്സമയം അതിന്റെ ഉടമസ്ഥതയിലുള്ള മറ്റേതെങ്കിലും ആസ്തിയിൻമേലോ മൂലധനകണക്കിൽ അതിന്റെ ബാദ്ധ്യതകൾ നേരിടുന്ന ആവശ്യത്തിനുള്ള ഏതെങ്കിലും പണമോ ; അല്ലെങ്കിൽ

(ഖ) താല്ക്കാലിക കടമോ ഓവർഡ്രാഫ്റ്റോ വഴിയുള്ള വരവ് ലഭിക്കുന്നതുവരെ നിലവിലുള്ള ബാദ്ധ്യതകൾ നേരിടുന്ന ആവശ്യത്തിനോ കടം വാങ്ങാവുന്നതാകുന്നു.

## അദ്ധ്യായം IV

## അംഗങ്ങളുടെ രജിസ്റ്റർ

19. **രജിസ്റ്റർ.**—(1) കൗൺസിൽ നിർണ്ണയിക്കപ്പെട്ട രീതിയിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളുടെ ഒരു രജിസ്റ്റർ വച്ചുപോരേണ്ടതാകുന്നു.

(2) രജിസ്റ്റർ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓരോ അംഗത്തെയും കുറിച്ചുള്ള താഴെപ്പറയുന്ന വിവരങ്ങൾ അടങ്ങി യതായിരിക്കേണ്ടതാകുന്നു, അതായത്:—

(ക) അയാളുടെ പൂർണ്ണമായ പേര്, ജനനത്തീയതി, സ്ഥിരവാസം, താമസവും വൃത്തിയും സംബന്ധിച്ച മേൽവിലാസങ്ങൾ ;

(ഖ) അയാളുടെ പേര് രജിസ്റ്ററിൽ ചേർത്ത തീയതി;

(ഗ) അയാളുടെ യോഗ്യതകൾ;

(ഘ) പ്രാക്റ്റീസ് സർട്ടിഫിക്കറ്റ് അയാളുടെ കൈവശമുണ്ടോ എന്ന്;

(ങ) നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും വിവരം.

(3) ഓരോ വർഷവും ഏപ്രിൽ മാസം 1-ാം തീയതി ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളുടെ ഒരു പട്ടിക നിർണ്ണ യിക്കപ്പെടാവുന്ന രീതിയിൽ കൗൺസിൽ പ്രസിദ്ധീകരിക്കേണ്ടതും ഏതെങ്കിലും അംഗം അപേക്ഷി ക്കുന്നപക്ഷം അയാൾക്ക് അങ്ങനെയുള്ള പട്ടികയുടെ ഒരു പകർപ്പ് അയച്ചുകൊടുക്കേണ്ടതുമാകുന്നു.

(4) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഓരോ അംഗവും അയാളുടെ പേര് രജിസ്റ്ററിൽ ചേർക്കുന്നതിനുമേൽ, അയാൾ ഒരു അസോഷ്യേറ്റോ ഫെലോയോ ആണെന്നുള്ളതനുസരിച്ച്, വ്യത്യസ്ത തുകകളിലുള്ള, ഏത് സംഗതി യിലും മുന്നൂറ് രൂപയിൽ കവിയാത്ത, നിർണ്ണയിക്കപ്പെടാവുന്ന വാർഷിക അംഗത്വഫീസ് നൽകേണ്ടതാകുന്നു.

20. **രജിസ്റ്ററിൽനിന്ന് നീക്കം ചെയ്യൽ.**—(1) കൗൺസിലിന്—

(ക) മരിച്ചുപോയതോ;

(ഖ) ആ അർത്ഥത്തിൽ ഒരു അപേക്ഷ ലഭിച്ചതോ;

(ഗ) താൻ നൽകേണ്ട നിർണ്ണയിക്കപ്പെട്ട ഏതെങ്കിലും ഫീസ് നൽകാത്തതോ;

(ഘ) തന്റെ പേര് രജിസ്റ്ററിൽ ചേർക്കുന്ന സമയത്തോ അതിനുശേഷം ഏതെങ്കിലും സമയത്തോ 8-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള അവശതകളിലേതെങ്കിലും ഉണ്ടായിരുന്നതായി കാണപ്പെട്ടതോ, രജിസ്റ്ററിൽ തന്റെ പേര് ഉണ്ടായിരിക്കുവാനുള്ള അർഹത ഏതെങ്കിലും കാരണത്താൽ ഇല്ലാതായിത്തീർന്നതോ,

ആയ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏതൊരു അംഗത്തിന്റെയും പേര് രജിസ്റ്ററിൽനിന്നും നീക്കം ചെയ്യാവുന്നതാകുന്നു.

(2) ഈ ആക്റ്റിൻ കീഴിലുള്ള ഒരു ഉത്തരവിനാൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗത്വത്തിൽനിന്നും നീക്കം ചെയ്യപ്പെട്ട ഏതൊരു അംഗത്തിന്റെയും പേര് രജിസ്റ്ററിൽനിന്നും കൗൺസിൽ നീക്കം ചെയ്യേണ്ടതാകുന്നു.

## അദ്ധ്യായം V

### നടപടി ദൂഷ്യം

21. **ഇൻസ്റ്റിററ്യൂട്ടിന്റെ അംഗങ്ങളുടെ നടപടി ദൂഷ്യം സംബന്ധിച്ച അന്വേഷണങ്ങൾക്കുള്ള നടപടിക്രമം.**—(1) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏതെങ്കിലും അംഗം വൃത്തിപരമോ മറ്റുവിധത്തിലോ ഉള്ള ഏതെങ്കിലും നടപടി ദൂഷ്യത്തിന് കുറ്റക്കാരനാണെന്ന് കൗൺസിലിന് വിവരമോ പരാതിയോ ലഭിക്കുന്നതിന്മേൽ പ്രഥമ ദൃഷ്ട്യാ അങ്ങനെയുള്ള അംഗം അങ്ങനെ കുറ്റക്കാരനാണെന്ന് കൗൺസിലിന് അഭിപ്രായമുള്ളിടത്ത് 17-ാം വകുപ്പിൻകീഴിൽ രൂപീകരിച്ച അച്ചടക്ക സമിതിക്ക് കേസ് റഫർ ചെയ്യേണ്ടതും അതിൻമേൽ അച്ചടക്ക സമിതി നിർണ്ണയിക്കപ്പെടാവുന്ന അന്വേഷണം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ നടത്തേണ്ടതും അതിന്റെ അന്വേഷണത്തിന്റെ ഫലം കൗൺസിലിന് റിപ്പോർട്ട് ചെയ്യേണ്ടതുമാകുന്നു.

(2) അങ്ങനെയുള്ള റിപ്പോർട്ട് ലഭിക്കുന്നതിൻമേൽ ഇൻസ്റ്റിററ്യൂട്ടിന്റെ അംഗം വൃത്തിപരമോ മറ്റ് വിധത്തിലോ ഉള്ള നടപടി ദൂഷ്യത്തിന് കുറ്റക്കാരനല്ലായെന്ന് കാണുന്നപക്ഷം കൗൺസിൽ തദനുസരണം അതിന്റെ തീരുമാനം രേഖപ്പെടുത്തേണ്ടതും, അതതു സംഗതിപോലെ, നടപടികൾ തീർപ്പാക്കുകയോ പരാതി തള്ളിക്കളയുകയോ ചെയ്യേണ്ടതുമാകുന്നു.

(3) അങ്ങനെയുള്ള റിപ്പോർട്ട് ലഭിക്കുന്നതിന്മേൽ ഇൻസ്റ്റിററ്യൂട്ടിന്റെ അംഗം വൃത്തിപരമോ മറ്റ് വിധത്തിലോ ഉള്ള ഏതെങ്കിലും നടപടി ദൂഷ്യത്തിന് കുറ്റക്കാരനാണെന്ന് കൗൺസിൽ കാണുന്നപക്ഷം തദനുസരണം അതിന്റെ തീരുമാനം രേഖപ്പെടുത്തേണ്ടതും തുടർന്ന് വരുന്ന ഉപവകുപ്പുകളിൽ പ്രതിപാദിച്ചിട്ടുള്ള രീതിയിൽ നടപടി എടുക്കേണ്ടതുമാകുന്നു.

(4) ഇൻസ്റ്റിററ്യൂട്ടിന്റെ ഒരംഗം ഒന്നാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള വൃത്തിപരമായ ഒരു നടപടിദൂഷ്യത്തിന് കുറ്റക്കാരനാണെന്ന് തീരുമാനിച്ചിട്ടുള്ളിടത്ത് കേസിൽ അയാൾക്കെതിരെ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അംഗത്തിന് പറയുവാനുള്ളത് പറയാനൊരവസരം കൗൺസിൽ നൽകേണ്ടതും അതിനുശേഷം താഴെപ്പറയുന്ന ഉത്തരവുകളിൽ ഏതെങ്കിലും കൗൺസിലിന് പുറപ്പെടുവിക്കാവുന്നതുമാകുന്നു, അതായത്:—

(ക) അംഗത്തെ ശാസിക്കുക ;

(ഖ) കൗൺസിൽ യുക്തമെന്ന് കരുതുന്ന അഞ്ചു വർഷത്തിൽ കവിയാത്ത കാലയളവിലേക്ക് രജിസ്റ്ററിൽനിന്ന് അംഗത്തിന്റെ പേര് നീക്കം ചെയ്യുക ;

എന്നാൽ, രജിസ്റ്ററിൽനിന്ന് അംഗത്തിന്റെ പേര് അഞ്ചു വർഷത്തിൽ കൂടുതലുള്ള ഒരു കാലയളവിലേക്കോ സ്ഥിരമായോ നീക്കം ചെയ്യത്തക്കതാണ് കേസ് എന്ന് കൗൺസിലിന് അഭിപ്രായമുള്ളിടത്ത് (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള ഏതെങ്കിലും ഉത്തരവ് അത് പുറപ്പെടുവിക്കാൻ പാടില്ലാത്തതും എന്നാൽ അതിൻമേലുള്ള അതിന്റെ ശിപാർശയോടുകൂടി കേസ് ഹൈക്കോടതിയിലേക്ക് അയയ്ക്കേണ്ടതുമാകുന്നു.

(5) ഏതൊരു നടപടി ദൂഷ്യം സംബന്ധിച്ചാണ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏതെങ്കിലും അംഗം കുറ്റക്കാരനാണെന്ന് കൗൺസിൽ കണ്ടത് അങ്ങനെയുള്ള നടപടി ദൂഷ്യം രണ്ടാം പട്ടികയിൽ നിർദ്ദേശിച്ചിട്ടുള്ള ഒരു നടപടി ദൂഷ്യമായിരിക്കുന്നിടത്ത് കൗൺസിൽ അതിന്റെ ശിപാർശയോടുകൂടി ആ കേസ് ഹൈക്കോടതിയിലേക്ക് അയയ്ക്കേണ്ടതാകുന്നു.

(6) (4)-ാം ഉപവകുപ്പിന്റെയോ (5)-ാം ഉപവകുപ്പിന്റെയോ കീഴിലുള്ള ഏതെങ്കിലും കേസ് ലഭിക്കുന്നതിൻമേൽ ഹൈക്കോടതി ആ കേസിന്റെ വിചാരണയ്ക്ക് ഒരു തീയതി നിശ്ചയിക്കേണ്ടതും അങ്ങനെ നിശ്ചയിച്ച തീയതി സംബന്ധിച്ച നോട്ടീസ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ബന്ധപ്പെട്ട അംഗത്തിനും കൗൺസിലിനും കേന്ദ്രസർക്കാരിനും നൽകാനിടയാക്കേണ്ടതും അങ്ങനെയുള്ള അംഗത്തിനും കൗൺസിലിനും കേന്ദ്രസർക്കാരിനും പറയാനുള്ളത് പറയാനൊരവസരം നൽകേണ്ടതും അതിനുശേഷം ഹൈക്കോടതിക്ക് താഴെപ്പറയുന്ന ഉത്തരവുകളിലേതെങ്കിലും പുറപ്പെടുവിക്കാവുന്നതുമാകുന്നു, അതായത്:—

(ക) അതതു സംഗതിപോലെ, നടപടികൾ തീർപ്പാക്കുകയോ പരാതി തള്ളുകയോ ചെയ്യുക;

(ഖ) അംഗത്തെ ശാസിക്കുക;

(ഗ) അയാളെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗത്വത്തിൽ നിന്ന് സ്ഥിരമായിട്ടോ ഹൈക്കോടതി യുക്തമെന്നുകരുതുന്ന കാലയളവിലേക്കോ നീക്കം ചെയ്യുക;

(ഘ) കൂടുതൽ അന്വേഷണത്തിനും റിപ്പോർട്ടിനുമായി കേസ് കൗൺസിലിന് റഫർ ചെയ്യുക.

(7) തീർപ്പാകാതെയിരിക്കുന്ന ഏതെങ്കിലും കേസ് മറ്റൊരു ഹൈക്കോടതിയിലേക്ക് മാറ്റുന്നത് നീതിയുടെ ലക്ഷ്യങ്ങൾ പുലർത്തുമെന്നോ കക്ഷികളുടെ സാമാന്യ സൗകര്യത്തിന് ഉചിതമായിരിക്കുമെന്നോ ഹൈക്കോടതിക്ക് തോന്നുന്നിടത്ത് ഏത് ഉപാധികൾ ചുമത്തുന്നതാണ് യുക്തമെന്നു അത് കരുതുന്നത് അങ്ങനെയുള്ള ഉപാധികൾക്ക് വിധേയമായി കേസ് അപ്രകാരം മാറ്റാവുന്നതും അങ്ങനെയുള്ള കേസ് ഏത് ഹൈക്കോടതിയിലേക്കാണ് മാറ്റിയത് ആ ഹൈക്കോടതി ആ കേസ് കൗൺസിൽ അതിന് അയച്ചുകൊടുത്തതായിരുന്നാലെന്നപോലെ കൈകാര്യം ചെയ്യേണ്ടതുമാകുന്നു.

വിശദീകരണം I.—ഈ വകുപ്പിൽ "ഹൈക്കോടതി" എന്നാൽ ഏതാളുടെ നടപടി സംബന്ധിച്ചാണ് അന്വേഷണം നടത്തുന്നത് അങ്ങനെയുള്ള ആൾ അന്വേഷണത്തിന്റെ ആരംഭത്തിൽ സർവ്വീസിലിരിക്കുകയോ, അയാളുടെ വൃത്തി നടത്തിക്കൊണ്ടുപോകുകയോ അയാളുടെ വൃത്തിയുടെ മുഖ്യസ്ഥലം ആയിരിക്കുകയോ ചെയ്യുന്നത് ഏത് പ്രദേശത്താണ് അങ്ങനെയുള്ള പ്രദേശത്ത്, സുപ്രീംകോടതി ഉൾപ്പെടാതെ അധികാരിത പ്രയോഗിക്കുന്ന ഏറ്റവും ഉയർന്ന സിവിൽ അപ്പീൽകോടതി എന്നർത്ഥമാകുന്നു:

എന്നാൽ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ രണ്ടോ അതിൽകൂടുതലോ അംഗങ്ങളെ സംബന്ധിച്ച് കേസുകൾ കൗൺസിലിന് വ്യത്യസ്ത ഹൈക്കോടതികളിലേക്ക് അയയ്ക്കേണ്ടിയിരിക്കുന്നിടത്ത് കേന്ദ്രസർക്കാർ, നീതിയുടെ ലക്ഷ്യങ്ങളും, കക്ഷികളുടെ സാമാന്യ സൗകര്യവും പരിഗണിച്ച്, മറ്റുള്ളവയെ ഒഴിവാക്കിക്കൊണ്ട് ഏതെല്ലാം ഹൈക്കോടതികളാണ് എല്ലാ അംഗങ്ങൾക്കുമെതിരെയുള്ള കേസുകളുടെ വിചാരണ നടത്തേണ്ടതെന്ന് തീരുമാനിക്കേണ്ടതാകുന്നു.

വിശദീകരണം II.— ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക് "ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗം" എന്നതിൽ അന്വേഷണസമയത്ത് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു അംഗമല്ലാതായിത്തീർന്ന ഒരാൾ, നടപടി ദൂഷ്യം ആരോപിക്കപ്പെട്ട തീയതി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു അംഗമായിരുന്നാൽ, ഉൾപ്പെടുന്നതാകുന്നു.

(8) ഈ വകുപ്പിൻകീഴിലുള്ള ഏതെങ്കിലും അന്വേഷണത്തിന്റെ ആവശ്യങ്ങൾക്ക് (1)-ാം ഉപവകുപ്പിൽ പരാമർശിച്ചിട്ടുള്ള കൗൺസിലിനും അച്ചടക്കസമിതിക്കും താഴെപ്പറയുന്ന വിഷയങ്ങൾ സംബന്ധിച്ച് സിവിൽ നടപടി നിയമസംഹിത, 1908 (1908-ലെ 5)-ന്റെ കീഴിലുള്ള ഒരു സിവിൽ കോടതിയിൽ നിക്ഷിപ്തമായിട്ടുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാകുന്നു, അതായത്:—

(ക) ഏതെങ്കിലും ആളെ സമൺ ചെയ്യുന്നതും ഹാജരാക്കിക്കുന്നതും ശപഥത്തിൻമേൽ വിസ്തരിക്കുന്നതും;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യുന്നത്;

(ഗ) സത്യവാങ്മൂലത്തിൻമേൽ തെളിവ് സ്വീകരിക്കുന്നത്.

22. **വൃത്തിപരമായ നടപടി ദൂഷ്യം നിർവ്വചിക്കപ്പെട്ടിരിക്കുന്നു.**—ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്ക് "വൃത്തിപരമായ നടപടി ദൂഷ്യം" എന്ന പ്രയോഗത്തിൽ പട്ടികകളിലേതിലെങ്കിലും നിർദ്ദേശിച്ചിട്ടുള്ള ഏതെങ്കിലും കൃത്യമോ കൃത്യവിലോപമോ ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതും എന്നാൽ ഈ വകുപ്പിലെ യാതൊന്നും 21-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏതെങ്കിലും അംഗത്തിന്റെ മറ്റേതൊരു സാഹചര്യത്തിലുമുള്ള നടപടിയെക്കുറിച്ച് അന്വേഷിക്കുവാൻ കൗൺസിലിന് നൽകപ്പെട്ട അധികാരത്തേയോ ചുമത്തപ്പെട്ട കർത്തവ്യത്തേയോ ഏതെങ്കിലും വിധത്തിൽ പിരിമിതപ്പെടുത്തുകയോ ന്യൂനീകരിക്കുകയോ ചെയ്യുന്നതായി അർത്ഥം കൽപ്പിക്കാവുന്നതല്ലാത്തതുമാകുന്നു.

## അദ്ധ്യായം VI

## മേഖലാ കൗൺസിലുകൾ

23. **മേഖലാ കൗൺസിലുകളുടെ രൂപീകരണവും ചുമതലകളും.**—(1) കൗൺസിലിന്, അതിന്റെ ചുമതലകൾ സംബന്ധിച്ച വിഷയങ്ങളിൽ അതിനെ ഉപദേശിക്കുകയും സഹായിക്കുകയും ചെയ്യുന്ന ആവശ്യത്തിന്, 9-ാം വകുപ്പ് (2)ാം ഉപവകുപ്പ് (ക) ഖണ്ഡത്തിൻകീഴിൽ കേന്ദ്രസർക്കാർ വിജ്ഞാപനം ചെയ്യാവുന്ന മേഖലാ നിയോജക മണ്ഡലങ്ങളിൽ ഒന്നോ അതിലധികമോ മേഖലാ നിയോജക മണ്ഡലങ്ങളിലേക്ക്, അതിന് യുക്തമെന്ന് തോന്നുമ്പോഴെല്ലാം മേഖലാകൗൺസിലുകൾ രൂപീകരിക്കാവുന്നതാകുന്നു.

(2) മേഖലാകൗൺസിലുകൾ നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ രൂപീകരിക്കപ്പെടേണ്ടതും നിർണ്ണയിക്കപ്പെടാവുന്ന ചുമതലകൾ അവ നിർവ്വഹിക്കേണ്ടതുമാകുന്നു.

(3) ഈ വകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും പിരിച്ചുവിടപ്പെട്ട കമ്പനിയുടെ ഓരോ മേഖലാകൗൺസിലും, ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ, അങ്ങനെയുള്ള പ്രാരംഭത്തിന് തൊട്ടുമുമ്പ് ഏതു

മേഖല സംബന്ധിച്ച ഒരു മേഖലാകൗൺസിലായാണ് അത് പ്രവർത്തിച്ചിരുന്നത് ആ പ്രദേശം സംബന്ധിച്ച ഇൻസ്റ്റിറ്റ്യൂട്ടിന്റെ മേഖലാകൗൺസിലായിത്തീരുന്നതും ആ നിലയിൽ—

(i) അങ്ങനെയുള്ള പ്രാരംഭം മുതൽ രണ്ടുവർഷക്കാലത്തേക്കോ; അല്ലെങ്കിൽ

(ii) അങ്ങനെയുള്ള പ്രദേശത്തേക്ക് ഈ വകുപ്പിലെ വ്യവസ്ഥകളനുസരിച്ച് ഒരു മേഖലാകൗൺസിൽ രൂപീകരിക്കപ്പെടുന്നതുവരെയോ,

അവയിലേതാദ്യം സംഭവിക്കുന്നുവോ അതുവരെ, പ്രവർത്തിക്കേണ്ടതുമാകുന്നു.

## അദ്ധ്യായം VII

## പിഴശിക്ഷകൾ

24. **ഒരു അംഗമാണെന്ന് വ്യാജമായി അവകാശപ്പെടുക, മുതലായവയ്ക്കുള്ള പിഴശിക്ഷ.**—7-ാം വകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി,—

(ക) ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗമല്ലാതിരിക്കുകയും,—

(i) താൻ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗമാണെന്ന് ധരിപ്പിക്കുകയോ; അല്ലെങ്കിൽ

(ii) "കമ്പനി സെക്രട്ടറി" എന്ന ഉദ്യോഗപ്പേര് ഉപയോഗിക്കുകയോ; അല്ലെങ്കിൽ

(iii) "ക. ഗ. ധ." അല്ലെങ്കിൽ "ച. ഗ. ധ." എന്നീ അക്ഷരങ്ങൾ തന്റെ പേരിനുശേഷം ഉപയോഗിക്കുകയോ; അല്ലെങ്കിൽ

(ഖ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗമായിരിക്കുകയും എന്നാൽ പ്രാക്റ്റീസ് സർട്ടിഫിക്കറ്റ് ഇല്ലാതെ താൻ പ്രാക്റ്റീസ് ചെയ്യുകയാണെന്നോ അല്ലെങ്കിൽ കമ്പനി സെക്രട്ടറിയായി പ്രാക്റ്റീസ് ചെയ്യുകയാണെന്നോ ധരിപ്പിക്കുകയോ,

ചെയ്യുന്ന ഏതൊരാളും ആദ്യത്തെ കുറ്റസ്ഥാപനത്തിൻമേൽ ആയിരം രൂപയോളമാകാവുന്ന പിഴയും പിന്നീടുള്ള ഏതെങ്കിലും കുറ്റസ്ഥാപനത്തിൻമേൽ ആറുമാസത്തോളമാകാവുന്ന തടവുശിക്ഷയോ, അയ്യായിരം രൂപയോളമാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടും കൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

25. **കൗൺസിലിന്റെ പേര് ഉപയോഗിക്കുകയോ കമ്പനി സെക്രട്ടറി ബിരുദം നൽകുകയോ ചെയ്താലുള്ള പിഴശിക്ഷ.**—(1) ഈ ആക്റ്റിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്ത പ്രകാരമൊഴികെ യാതൊരാളും,—

(ക) ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേരിനോടോ പൊതു മുദ്രയോടോ അനന്യതയുള്ളതോ പൊതുജനങ്ങളെ കബളിപ്പിക്കുന്നതോ കബളിപ്പിക്കുവാൻ സാദ്ധ്യതയുള്ളതോ ആയ തരത്തിൽ അവയോട് വളരെ സാദൃശ്യമുള്ളതോ ആയ ഒരു പേരോ പൊതുമുദ്രയോ ഉപയോഗിക്കുകയോ; അല്ലെങ്കിൽ

(ഖ) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു അംഗത്തിന്റെ സ്ഥാനത്തിനോ ഏതെങ്കിലും യോഗ്യതയുടെയോ ക്ഷമതയുടേയോ ലബ്ധിക്കോ സദൃശ്യമായ സ്ഥാനമോ യോഗ്യതയുടേയോ ക്ഷമതയുടേയോ ലബ്ധിയോ സൂചിപ്പിക്കുന്നതോ സൂചിപ്പിക്കുവാനുദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും ബിരുദമോ ഡിപ്ളോമയോ സർട്ടിഫിക്കറ്റോ ഏതെങ്കിലും ഉദ്യോഗപ്പേരോ നൽകുകയോ; അല്ലെങ്കിൽ

(ഗ) കമ്പനി സെക്രട്ടറിമാരുടെ വൃത്തിയെ ഏതെങ്കിലും രീതിയിൽ ക്രമപ്പെടുത്താൻ തുനിയുകയോ;

ചെയ്യാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും അയാൾക്കെതിരെ എടുക്കപ്പെടാവുന്ന മറ്റേതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, ആദ്യത്തെ കുറ്റസ്ഥാപനത്തിൻമേൽ ആയിരം രൂപയോളമാകാവുന്ന പിഴയും പിന്നീടുള്ള ഏതെങ്കിലും കുറ്റസ്ഥാപനത്തിൻമേൽ ആറു മാസത്തോളമാകാവുന്ന തടവു ശിക്ഷയോ, അയ്യായിരം രൂപയോളമാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

(3) ഈ വകുപ്പിൽ അടങ്ങിയ യാതൊന്നും നിയമത്താൽ സ്ഥാപിതമായ ഏതെങ്കിലും സർവ്വകലാശാലയ്ക്കോ മറ്റു സ്ഥാപനത്തിനോ അല്ലെങ്കിൽ ഇൻസ്റ്റിറ്റ്യൂട്ടിനോട് അഫിലിയേറ്റ് ചെയ്ത ഏതെങ്കിലും നികായത്തിനോ ബാധകമാകുന്നതല്ല.

26. **കമ്പനികൾ കമ്പനി സെക്രട്ടറിഷിപ്പിൽ വ്യാപൃതരാകരുതെന്ന്.**—(1) ഭാരതത്തിലോ മറ്റെവിടെയെങ്കിലുമോ ഏകാംഗീകരിച്ച യാതൊരു കമ്പനിയും കമ്പനി സെക്രട്ടറിമാരായി പ്രാക്റ്റീസ് ചെയ്യുവാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരു കമ്പനിയും ആദ്യത്തെ കുറ്റസ്ഥാപനത്തിൻമേൽ ആയിരം രൂപയോളമാകാവുന്ന പിഴയോ പിന്നീടുള്ള ഏതെങ്കിലും കുറ്റസ്ഥാപനത്തിൻമേൽ അയ്യായിരം രൂപയോളമാകാവുന്ന പിഴയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

27. **യോഗ്യതയില്ലാത്ത ആളുകൾ രേഖകൾ ഒപ്പു വയ്ക്കാൻ പാടില്ലെന്ന്.**—(1) ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗമല്ലാത്ത യാതൊരാളും പ്രാക്റ്റീസ് ചെയ്യുന്ന ഒരു കമ്പനി സെക്രട്ടറിയോ കമ്പനി സെക്രട്ടറിമാരുടെ ഒരു ഫേമിനോ വേണ്ടി തന്റെയോ അതിന്റെയോ വൃത്തിപരമായ നിലയിൽ ഏതെങ്കിലും രേഖയിൽ ഒപ്പുവയ്ക്കാൻ പാടില്ലാത്തതാകുന്നു.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾ ലംഘിക്കുന്ന ഏതൊരാളും അയാൾക്കെതിരെ എടുക്കപ്പെടാവുന്ന മറ്റേതെങ്കിലും നടപടികൾക്ക് ഭംഗം വരാതെ, ആദ്യത്തെ കുറ്റസ്ഥാപനത്തിൻമേൽ ആയിരം രൂപയോളമാകാവുന്ന പിഴയും പിന്നീടുള്ള ഏതെങ്കിലും കുറ്റസ്ഥാപനത്തിൻമേൽ ആറുമാസത്തോളമാകാവുന്ന തടവുശിക്ഷയോ അയ്യായിരം രൂപയോളമാകാവുന്ന പിഴയോ അല്ലെങ്കിൽ രണ്ടുംകൂടിയോ നൽകി ശിക്ഷിക്കപ്പെടേണ്ടതാകുന്നു.

28. **കമ്പനികളാലുള്ള കുറ്റങ്ങൾ.**—(1) ഈ ആക്റ്റിൻ കീഴിൽ കുറ്റം ചെയ്യുന്നയാൾ ഒരു കമ്പനിയാണെങ്കിൽ കുറ്റം ചെയ്യുന്ന സമയത്ത് ആ കമ്പനി ബിസിനസ്സിന്റെ നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ് ഉണ്ടായിരിക്കുകയോ കമ്പനിയോട് ഉത്തരവാദിയായിരിക്കുകയോ ചെയ്യുന്ന ഓരോ ആളും കൂടാതെ കമ്പനിയും ആ കുറ്റത്തിന് അപരാധിയാണെന്ന് കരുതപ്പെടുന്നതും തദനുസരണം എതിരായി നടപടി എടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹരാകുന്നതുമാകുന്നു:

എന്നാൽ, ഈ ഉപവകുപ്പിൽ അടങ്ങിയ യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ ആ കുറ്റം ചെയ്യപ്പെട്ടത് തന്റെ അറിവു കൂടാതെയാണെന്നോ, അല്ലെങ്കിൽ അങ്ങനെയുള്ള കുറ്റം തടയാൻ താൻ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് അർഹനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിൻകീഴിലുള്ള ഒരു കുറ്റം ഒരു കമ്പനി ചെയ്തിരിക്കുകയും ആ കുറ്റം ആ കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ, മാനേജരുടെയോ, സെക്രട്ടറിയുടെയോ, മറ്റുദ്യോഗസ്ഥന്റെയോ സമ്മതത്തോടോ മൗനാനുവാദത്തോടോകൂടി ചെയ്തിട്ടുള്ളതാണെന്നോ അല്ലെങ്കിൽ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷ മൂലമാണെന്നു കൽപ്പിക്കപ്പെടാവുന്നതാണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, കമ്പനിയുടെ അങ്ങനെയുള്ള ഡയറക്ടറോ മാനേജരോ സെക്രട്ടറിയോ മറ്റുദ്യോഗസ്ഥനോകൂടി ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടുന്നതും തദനുസരണം എതിരായി നടപടിയെടുക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യാൻ അർഹനാകുന്നതുമാകുന്നു.

വിശദീകരണം.—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്ക്:—

(ക) "കമ്പനി" എന്നാൽ ഏതെങ്കിലും ഏകാംഗീകൃതനികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ, വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും;

(ഖ) ഒരു ഫേമിനെ സംബന്ധിച്ച് "ഡയറക്ടർ" എന്നാൽ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതും,

ആകുന്നു.

29. **പ്രോസിക്യൂട്ട് ചെയ്യാനുള്ള അനുമതി.**—കൗൺസിലോ കേന്ദ്രസർക്കാരോ നൽകിയതോ, കൗൺസിലിന്റെയോ, കേന്ദ്രസർക്കാരിന്റെയോ ഉത്തരവിൻകീഴിൽ നൽകിയതോ ആയ ഒരു പരാതിയിൻമേലല്ലാതെ യാതൊരാളെയും ഈ ആക്റ്റിൻകീഴിൽ പ്രോസിക്യൂട്ട് ചെയ്യാൻ പാടില്ലാത്തതാകുന്നു.

## അദ്ധ്യായം VIII

## അപ്പീലുകൾ

30. **അപ്പീൽ.**—(1) 21-ാം വകുപ്പ് (4)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിലോ (ഖ) ഖണ്ഡത്തിലോ പരാമർശിച്ചിട്ടുള്ള ശിക്ഷകളിൽ ഏതെങ്കിലും ചുമത്തുന്ന കൗൺസിലിന്റെ ഏതെങ്കിലും ഉത്തരവുമൂലം സങ്കടമുള്ള ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഏതൊരു അംഗത്തിനും ഉത്തരവ് അയാൾക്ക് അയച്ചുകൊടുത്ത തീയതി മുതൽ മുപ്പതു ദിവസത്തിനകം ഹൈക്കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ, യഥാസമയം അപ്പീൽ ബോധിപ്പിക്കുന്നതിൽ നിന്നും ഒരംഗം മതിയായ കാരണത്താൽ തടയപ്പെട്ടുവെന്ന് ഹൈക്കോടതിക്ക് ബോദ്ധ്യമാകുന്നപക്ഷം അതിന് പ്രസ്തുത മുപ്പതു ദിവസകാലയളവ് അവസാനിച്ച ശേഷവും അങ്ങനെയുള്ള അപ്പീൽ സ്വീകരിക്കാവുന്നതാകുന്നു.

(2) ഹൈക്കോടതിക്ക് സ്വമേധയായോ മറ്റു വിധത്തിലോ ഏതെങ്കിലും കേസിന്റെ റിക്കാർഡുകൾ ആവശ്യപ്പെട്ടശേഷം 21-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെയോ (4)-ാം ഉപവകുപ്പിന്റെയോ കീഴിൽ കൗൺസിൽ പുറപ്പെടുവിച്ച ഏതെങ്കിലും ഉത്തരവ് റിവൈസ് ചെയ്യാവുന്നതും—

(ക) ഉത്തരവ് സ്വീകരിക്കുകയോ രൂപഭേദപ്പെടുത്തുകയോ, അസ്ഥിരപ്പെടുത്തുകയോ;

(ഖ) ഏതെങ്കിലും ദണ്ഡനം ചുമത്തുകയോ ആ ഉത്തരവിനാൽ ചുമത്തപ്പെട്ട പിഴശിക്ഷ അസ്ഥിരപ്പെടുത്തുകയോ, കുറവുചെയ്യുകയോ, അല്ലെങ്കിൽ വർദ്ധിപ്പിക്കുകയോ ;

(ഗ) കേസിന്റെ സാഹചര്യങ്ങളിൽ യുക്തമെന്ന് ഹൈക്കോടതി കരുതുന്ന കൂടുതൽ അന്വേഷണത്തിനായി ആ കേസ് കൗൺസിലിന് തിരിച്ചയച്ചുകൊടുക്കുകയോ ;

(ഘ) ഹൈക്കോടതിക്ക് യുക്തമെന്ന് തോന്നുന്ന മറ്റ് ഉത്തരവ് പുറപ്പെടുവിക്കുകയോ ;

ചെയ്യാവുന്നതാകുന്നു:

എന്നാൽ, കൗൺസിലിന്റെ യാതൊരുത്തരവും കൗൺസിലിന് പറയാനുള്ളത് പറയാനൊരവസരം നൽകാത്തപക്ഷം രൂപഭേദപ്പെടുത്തുകയോ അസ്ഥിരപ്പെടുത്തുകയോ ചെയ്യാൻ പാടില്ലാത്തതും ബന്ധപ്പെട്ട ആളിന് പറയുവാനുള്ളത് പറയാനൊരവസരം നൽകാത്തപക്ഷം ഒരു പിഴശിക്ഷ ചുമത്തിക്കൊണ്ടോ വർദ്ധിപ്പിച്ചുകൊണ്ടോ ഉള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുവാൻ പാടില്ലാത്തതുമാകുന്നു.

വിശദീകരണം.—ഈ വകുപ്പിൽ "ഹൈക്കോടതിക്കും" "ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗം" എന്നതിനും 21-ാം വകുപ്പിലുള്ള അതേ അർത്ഥം ഉണ്ടായിരിക്കുന്നതാകുന്നു.

## അദ്ധ്യായം IX

## കമ്പനി ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭാരതത്തിന്റെ കമ്പനി സെക്രട്ടറിമാരുടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പിരിച്ചുവിടൽ

31. **കമ്പനി ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭാരതത്തിന്റെ കമ്പനി സെക്രട്ടറിമാരുടെ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പിരിച്ചുവിടൽ.**—ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ—

(ക) കമ്പനി ആക്റ്റിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഭാരതത്തിന്റെ കമ്പനി സെക്രട്ടറിമാരുടെ ഇൻസ്റ്റിറ്റ്യൂട്ട് എന്നറിയപ്പെടുന്ന കമ്പനി പിരിച്ചുവിടപ്പെട്ടതായിത്തീരുന്നതും അതിനുശേഷം പിരിച്ചുവിടപ്പെട്ട കമ്പനിക്കോ ആ നിലയിൽ അതിന്റെ ഏതെങ്കിലും ഉദ്യോഗസ്ഥനോ എതിരെ, യാതൊരാളും, ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ആവശ്യമുള്ള പ്രകാരമൊഴികെ, ഏതെങ്കിലും തേർച്ച ചെയ്യുകയോ, ഡിമാന്റുകൾ ദൃഢാഖ്യാനം ചെയ്യുകയോ നടപടികൾ എടുക്കുകയോ ചെയ്യാൻ പാടില്ലാത്തതും;

(ഖ) പിരിച്ചുവിടപ്പെട്ട കമ്പനിയിലോ കമ്പനി സംബന്ധിച്ചോ ഉള്ള ഓരോ അംഗത്തിന്റെയും അവകാശം ഇല്ലാതായിത്തീരുന്നതും, അതിനുശേഷം ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരമൊഴികെ, ആ കമ്പനിയുടെ യാതൊരു അംഗവും ആ കമ്പനിക്കെതിരെ ഏതെങ്കിലും തേർച്ച ചെയ്യുകയോ ഡിമാന്റുകൾ ദൃഢാഖ്യാനം ചെയ്യുകയോ നടപടികൾ എടുക്കുകയോ ചെയ്യാൻ പാടില്ലാത്തതും,

ആകുന്നു.

32. **പിരിച്ചുവിടപ്പെട്ട കമ്പനികളുടെ ആസ്തികളും ബാദ്ധ്യതകളും ഇൻസ്റ്റിററ്യൂട്ടിന് കൈമാറുമെന്ന്.**—(1) ഈ ആക്ററിന്റെ പ്രാരംഭത്തിൽ പിരിച്ചുവിടപ്പെട്ട കമ്പനികളുടെ ആസ്തികളും ബാദ്ധ്യതകളും ഇൻസ്റ്റിററ്യൂട്ടിന് കൈമാററം ചെയ്യപ്പെടുന്നതും അതിൽ നിക്ഷിപ്തമാകുന്നതുമാകുന്നു.

(2) പിരിച്ചുവിടപ്പെട്ട കമ്പനിയുടെ ആസ്തികളിൽ, ആ കമ്പനിയുടെ എല്ലാ അവകാശങ്ങളും അധികാരങ്ങളും സ്ഥാവരമോ ജംഗമമോ ആയ എല്ലാ വസ്തുക്കളും പ്രത്യേകിച്ച് രൊക്ക ബാക്കി, കരുതൽ ധനം, നിക്ഷേപങ്ങൾ, ഡിപ്പോസിറ്റുകൾ, പിരിച്ചുവിടപ്പെട്ട കമ്പനിയുടെ കൈവശത്തിലുള്ള വസ്തുക്കളിലുള്ളതോ വസ്തുക്കളിൽനിന്നും ഉത്ഭവിക്കുന്നതോ ആയ മറ്റെല്ലാ അവകാശബന്ധങ്ങളും, അവകാശങ്ങളും പിരിച്ചുവിടപ്പെട്ട കമ്പനിയുടെ എല്ലാ കണക്കുപുസ്തകങ്ങളും രേഖകളും അല്ലെങ്കിൽ പ്രമാണങ്ങളും ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതും; ബാദ്ധ്യതകളിൽ ആ കമ്പനിയുടെ എല്ലാ കടങ്ങളും, ബാദ്ധ്യതകളും, അപ്പോൾ നിലവിലുണ്ടായിരുന്ന ഏതു തരത്തിലുമുള്ള കടപ്പാടുകളും, ഉൾപ്പെടുന്നതായി കരുതപ്പെടേണ്ടതുമാകുന്നു.

(3) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടു മുമ്പ്, പിരിച്ചുവിടപ്പെട്ട കമ്പനി ഒരു കക്ഷിയായിരുന്ന, നിലവിലുണ്ടായിരുന്നതോ അപ്പോൾ പ്രാബല്യത്തിലുണ്ടായിരുന്നതോ ആയ എല്ലാ കോൺട്രാക്റ്റുകൾക്കും, കടങ്ങൾക്കും ബോണ്ടുകൾക്കും കരാറുകൾക്കും ഏത് തരത്തിലുമുള്ള മറ്റു രേഖകൾക്കും, അതതു സംഗതി പോലെ, ഇൻസ്റ്റിറ്റ്യൂട്ടിനെതിരായോ അതിനുവേണ്ടിയോ അതേപോലെ പൂർണ്ണമായി പ്രഭാവവും പ്രാബല്യവും ഉണ്ടായിരിക്കുന്നതും, പിരിച്ചുവിടപ്പെട്ട കമ്പനിക്ക് പകരം ഇൻസ്റ്റിറ്റ്യൂട്ട് അതിൽ ഒരു കക്ഷിയായിരുന്നാലെന്നപോലെ പൂർണ്ണമായും ഫലപ്രദമായും നടപ്പിലാക്കാവുന്നതുമാകുന്നു.

(4) ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പിരിച്ചുവിടപ്പെട്ട കമ്പനിയാലോ കമ്പനിക്കെതിരായോ ഏതെങ്കിലും വ്യവഹാരമോ, അപ്പീലോ, മറ്റു നിയമ നടപടിയോ, അവ ഏത് പ്രകൃതത്തിലുള്ളതായാലും, തീർപ്പാകാതെ ഇരിക്കുന്നപക്ഷം, പിരിച്ചുവിടപ്പെട്ട കമ്പനിയുടെ ആസ്തികളുടെയും ബാദ്ധ്യതകളുടെയും ഇൻസ്റ്റിറ്റ്യൂട്ടിനുള്ള കൈമാറ്റമോ ഈ ആക്റ്റിൽ അടങ്ങിയ എന്തെങ്കിലുമോ കാരണം ഉപശമിക്കുന്നതല്ലാത്തതും, വ്യവഹാരമോ, അപ്പീലോ മറ്റ് നടപടിയോ ഈ ആക്റ്റ് പാസ്സാക്കിയിരുന്നില്ലെങ്കിൽ പിരിച്ചുവിടപ്പെട്ട കമ്പനിയാലോ കമ്പനിക്കെതിരായോ അവ തുടരുകയോ, നടത്തുകയോ പ്രാവർത്തികമാക്കുകയോ ചെയ്യാമായിരുന്ന അതേ രീതിയിലും അതേ പ്രഭാവത്തോടുകൂടിയും ഇൻസ്റ്റിറ്റ്യൂട്ടിനാലോ ഇൻസ്റ്റിറ്റ്യൂട്ടിനെതിരായോ, തുടരുകയോ നടത്തുകയോ പ്രാവർത്തികമാക്കുകയോ ചെയ്യാവുന്നതുമാകുന്നു.

33. **പിരിച്ചുവിടപ്പെട്ട കമ്പനിയുടെ ജീവനക്കാരെ സംബന്ധിച്ച പരിമിതി വ്യവസ്ഥ.**—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിന് തൊട്ടുമുമ്പ് പിരിച്ചുവിടപ്പെട്ട കമ്പനിയിൽ നിയോജിക്കപ്പെട്ടിരിക്കുകയും അതിന്റെ നിയോജനത്തിൽ തുടരുകയും ചെയ്യുന്ന ഓരോ ആളും, അങ്ങനെയുള്ള പ്രാരംഭത്തിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ജീവനക്കാരായി തീരുന്നതും ഈ ആക്റ്റ് പാസ്സാക്കിയിരുന്നില്ലെങ്കിൽ അയാൾ പിരിച്ചുവിടപ്പെട്ട കമ്പനിയുടെ കീഴിൽ വഹിക്കുമായിരുന്ന അതേ ഉദ്യോഗ കാലാവധിയിലേക്കും അതേ നിബന്ധനകൾക്കും ഉപാധികൾക്കും വിധേയമായും പെൻഷനും ഗ്രാറ്റുവിററിയും സംബന്ധിച്ച അതേ അവകാശങ്ങളോടും വിശേഷാവകാശങ്ങളോടുംകൂടി അതിൽ അയാളുടെ ഉദ്യോഗമോ സർവ്വീസോ വഹിക്കേണ്ടതും ഇൻസ്റ്റിറ്റ്യൂട്ടിലെ അയാളുടെ നിയോജനം അവസാനിപ്പിക്കുകയോ അയാളുടെ വേതനമോ, നിയോജനത്തിന്റെ നിബന്ധനകളോ ഉപാധികളോ ഇൻസ്റ്റിറ്റ്യൂട്ട് മാറ്റുകയോ ചെയ്യാത്തപക്ഷമോ ചെയ്യുന്നതുവരെയോ അപ്രകാരം തുടരേണ്ടതുമാകുന്നു.

(2) വ്യാവസായിക തർക്കങ്ങൾ ആക്റ്റ്, 1947 (1947-ലെ 14)-ലോ തൽസമയം പ്രാബല്യത്തിലുള്ള മറ്റേതെങ്കിലും നിയമത്തിലോ എന്തുതന്നെ അടങ്ങിയിരുന്നാലും പിരിച്ചുവിടപ്പെട്ട കമ്പനിയിലെ ഏതെങ്കിലും ജീവനക്കാരന്റെ സർവ്വീസ് ഇൻസ്റ്റിറ്റ്യൂട്ടിലേക്ക് മാറ്റുന്നത് അങ്ങനെയുള്ള ജീവനക്കാരനെ ആ ആക്റ്റിന്റെയോ മറ്റു നിയമത്തിന്റെയോ കീഴിൽ ഏതെങ്കിലും നഷ്ടപരിഹാരത്തിന് അർഹനാക്കുന്നതല്ലാത്തതും അങ്ങനെയുള്ള യാതൊരു തേർച്ചയും ഏതെങ്കിലും കോടതിയോ ട്രൈബ്യൂണലോ മറ്റധികാര സ്ഥാനമോ പരിഗണനയ്ക്ക് എടുക്കാൻ പാടില്ലാത്തതുമാകുന്നു.

## അദ്ധ്യായം X

## പലവക

34. **രജിസ്റ്ററിൽ മാറ്റം വരുത്തലും സർട്ടിഫിക്കറ്റിന്റെ റദ്ദാക്കലും.**—ഒരു അംഗത്തെ ഈ ആക്റ്റിൻ കീഴിൽ ശാസിച്ചുകൊണ്ടുള്ള ഒരു ഉത്തരവ് പുറപ്പെടുവിക്കുന്നിടത്ത്, രജിസ്റ്ററിൽ അയാളുടെ പേരിനു നേരേ ശിക്ഷയുടെ ഒരു റിക്കോർഡ് ചേർക്കേണ്ടതുമാകുന്നു.

(2) ഏതെങ്കിലും അംഗത്തിന്റെ പേര് നീക്കം ചെയ്യപ്പെടുന്നിടത്ത് ഈ ആക്റ്റിൻകീഴിൽ അയാൾക്ക് നൽകിയിട്ടുള്ള പ്രാക്റ്റീസ് സർട്ടിഫിക്കറ്റ് മടക്കിവാങ്ങുകയും റദ്ദാക്കുകയും ചെയ്യേണ്ടതാകുന്നു.

35. **കേന്ദ്രസർക്കാരിന്റെ നിർദ്ദേശങ്ങൾ.**—(1) ഈ ആക്ററിന്റെ ഉദ്ദേശ്യങ്ങൾ നിറവേററുവാൻ ഉതകുമെന്ന് കേന്ദ്രസർക്കാരിനഭിപ്രായമുള്ള നിർദ്ദേശങ്ങൾ അപ്പോഴപ്പോൾ കൗൺസിലിന് കേന്ദ്രസർക്കാർ നൽകാവുന്നതും കൗൺസിൽ, അതിന്റെ ചുമതലകളുടെ നിർവഹണത്തിൽ അങ്ങനെയുള്ള ഏതെങ്കിലും നിർദ്ദേശങ്ങൾ നടപ്പാക്കുവാൻ ബാദ്ധ്യസ്ഥമായിരിക്കുന്നതുമാകുന്നു.

(2) (1)-ാം ഉപവകുപ്പിൻകീഴിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളിൽ, ഏതെങ്കിലും റഗുലേഷനുകൾ കൗൺസിൽ ഉണ്ടാക്കുവാനോ നേരത്തേ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും റഗുലേഷനുകൾ ഭേദഗതി ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുവാനോ ഉള്ള നിർദ്ദേശങ്ങൾ ഉൾപ്പെടാവുന്നതുമാകുന്നു.

(3) ഈ വകുപ്പിൻ കീഴിൽ പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ നടപ്പാക്കുന്നതിൽ കൗൺസിൽ തുടരെത്തുടരെ വീഴ്ച വരുത്തിയതായി കേന്ദ്രസർക്കാരിനഭിപ്രായമുള്ള പക്ഷം, അതിന്റെ കേസ് വിശദീകരിക്കുന്നതി

നുള്ള ഒരു അവസരം നൽകിയശേഷം കേന്ദ്രസർക്കാരിന് ഉത്തരവുമൂലം കൗൺസിൽ പിരിച്ചുവിടാവുന്നതും അതിനുശേഷം ഈ ആക്ററിന്റെ വ്യവസ്ഥകൾക്കനുസൃതമായി കേന്ദ്രസർക്കാർ നിർദ്ദേശിക്കാവുന്ന തീയതി മുതൽ പ്രഭാവത്തോടുകൂടി ഒരു പുതിയ കൗൺസിൽ രൂപീകരിക്കേണ്ടതുമാകുന്നു.

(4) (3)-ാം ഉപവകുപ്പിൻകീഴിൽ കൗൺസിൽ പിരിച്ചുവിട്ടുകൊണ്ടുള്ള ഉത്തരവ് കേന്ദ്രസർക്കാർ പുറപ്പെടുവിക്കുന്നിടത്ത് ഈ ആക്ററിന്റെ വ്യവസ്ഥകൾക്കനുസൃതമായി ഒരു പുതിയ കൗൺസിൽ രൂപീകരിക്കുന്നതുവരെ അതിന്, ഇൻസ്റ്റിററ്യൂട്ടിന്റെ കാര്യങ്ങളുടെ നടത്തിപ്പ് ഏറ്റെടുക്കുവാനും കേന്ദ്രസർക്കാർ ഇതിലേക്ക് നിർദ്ദേശിക്കാവുന്ന ചുമതലകൾ നിർവ്വഹിക്കുവാനും ഏതെങ്കിലും ആളെയോ ആളുകളുടെ നികായത്തെയോ അധികാരപ്പെടുത്താവുന്നതാകുന്നു.

36. **ഉത്തമ വിശ്വാസപൂർവ്വം എടുത്ത നടപടിക്ക് സംരക്ഷണം.**—ഈ ആക്റ്റോ അതിൻകീഴിൽ പുറപ്പെടുവിച്ച ഏതെങ്കിലും റഗുലേഷനോ ചട്ടങ്ങളോ അനുസരിച്ച് ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യാനുദ്ദേശിച്ചതോ ആയ എന്തെങ്കിലും സംബന്ധിച്ച് കേന്ദ്രസർക്കാരിനോ കൗൺസിലിനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മററ് നിയമനടപടിയോ നിലനിൽക്കുന്നതല്ല.

37. **ബ്രാഞ്ച് ആഫീസുകൾ നിലനിറുത്തൽ.**—(1) പ്രാക്ററീസ് ചെയ്യുന്ന ഒരു കമ്പനി സെക്രട്ടറിക്കോ അങ്ങനെയുള്ള കമ്പനി സെക്രട്ടറിമാരുടെ ഒരു ഫേമിനോ ഭാരതത്തിൽ ഒന്നിൽ കൂടുതൽ ഓഫീസുകളുണ്ടെങ്കിൽ അങ്ങനെയുള്ള ഓഫീസുകൾ ഓരോന്നും ഇൻസ്റ്റിററ്യൂട്ടിന്റെ ഒരു അംഗത്തിന്റെ പ്രത്യേക ചുമതലയിൽ ആയിരിക്കേണ്ടതാകുന്നു:

എന്നാൽ, കൗൺസിലിന് അനുയോജ്യമായ കേസുകളിൽ പ്രാക്റ്റീസ് ചെയ്യുന്ന ഏതെങ്കിലും കമ്പനി സെക്രട്ടറിയെയോ അങ്ങനെയുള്ള കമ്പനി സെക്രട്ടറിമാരുടെ ഫേമിനെയോ ഈ ഉപവകുപ്പിന്റെ പ്രവർത്തനത്തിൽ നിന്നും ഒഴിവാക്കാവുന്നതാകുന്നു.

(2) ഒന്നിൽ കൂടുതൽ ഓഫീസുകൾ നിലനിറുത്തുന്ന പ്രാക്ററീസ് ചെയ്യുന്ന ഓരോ കമ്പനി സെക്രട്ടറിയും അങ്ങനെയുള്ള കമ്പനി സെക്രട്ടറിമാരുടെ ഓരോ ഫേമും ഓഫീസുകളുടെയും അതിന്റെ ചാർജ്ജുള്ള ആളുകളുടെയും ഒരു ലിസ്ററ് കൗൺസിലിന് അയച്ചുകൊടുക്കേണ്ടതും അത് സംബന്ധിച്ച ഏതൊരു മാററവും കൗൺസിലിനെ അറിയിച്ചുകൊണ്ടിരിക്കേണ്ടതുമാകുന്നു.

38. **അന്യോന്യത.**—(1) ഭാരതത്തിൽ സ്ഥിരവാസക്കാരായ ആളുകളെ കേന്ദ്രസർക്കാർ ഔദ്യോഗിക ഗസററിൽ ഇതിലേക്ക് വിജ്ഞാപനം ചെയ്യാവുന്ന ഏതെങ്കിലും രാജ്യത്തെ, ഈ ആക്ററിൻകീഴിൽ സ്ഥാപിതമായ ഇൻസ്ററിററ്യൂട്ടിനോട് സദൃശ്യമായ ഏതെങ്കിലും സ്ഥാപനത്തിന്റെ അംഗങ്ങൾ ആകുന്നതിൽ നിന്നോ കമ്പനി സെക്രട്ടറിയുടെ വൃത്തി പ്രാക്ററീസ് ചെയ്യുന്നതിൽ നിന്നോ തടയുകയോ ആ രാജ്യത്ത് അവരെ അന്യായമായ വിവേചനത്തിന് വിധേയരാക്കുകയോ ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഏതെങ്കിലും രാജ്യത്തെ യാതൊരു പൗരനും ഭാരതത്തിൽ ഇൻസ്ററിററ്യൂട്ടിന്റെ അംഗം ആകുവാനോ കമ്പനി സെ[illegible]ട്ടറിയുടെ വൃത്തി പ്രാക്ററീസ് ചെയ്യുവാനോ അർഹനായിരിക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിലെ വ്യവസ്ഥകൾക്ക് വിധേയമായി രജിസ്റ്ററിൽ പേർ ചേർക്കുന്ന ആവശ്യങ്ങൾക്ക് കമ്പനി സെക്രട്ടറിഷിപ്പ് സംബന്ധിച്ച വിദേശ യോഗ്യതകൾ അംഗീകരിക്കേണ്ടത് ഏത് ഉപാധികൾക്ക്, വല്ലതുമുണ്ടെങ്കിൽ, വിധേയമായാണ് എന്ന് കൗൺസിലിന് നിർണ്ണയിക്കാവുന്നതാകുന്നു.

39. **റഗുലേഷനുകൾ ഉണ്ടാക്കുവാനുള്ള അധികാരം.**—(1) കൗൺസിലിന് ഇൻഡ്യാ ഗസററിൽ വിജ്ഞാപനം വഴി ഈ ആക്ററിലെ വ്യവസ്ഥകൾ പ്രാബല്യത്തിൽ കൊണ്ടുവരുന്ന ആവശ്യത്തിന് റഗുലേഷനുകൾ ഉണ്ടാക്കാവുന്നതാകുന്നു.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം കൂടാതെയും അങ്ങനെയുള്ള റഗുലേഷനുകളിൽ താഴെ പറയുന്ന വിഷയങ്ങളിലെല്ലാമോ ഏതിനെങ്കിലുമോ വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത്:—

(ക) 2-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെയും ഒന്നാം പട്ടിക 1-ാം ഭാഗത്തിലെ (1) ഉം (3) ഉം (4) ഉം ഇനങ്ങളുടെയും കീഴിൽ അംഗീകരിക്കപ്പെടാവുന്ന വൃത്തികൾ;

(ഖ) 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ)-യും (ഘ)-യും (ങ)-യും ഖണ്ഡങ്ങളുടെ ആവശ്യങ്ങൾക്കുള്ള പരീക്ഷകളും പരിശീലനവും;

(ഗ) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെയോ 5-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെയോ കീഴിൽ അപേക്ഷ നൽകേണ്ട രീതിയും അത് അനുവദിക്കുന്നതും;

(ഘ) 4-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെയും 5-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെയും 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിന്റെയും 15-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ക) ഖണ്ഡത്തിന്റെയും 19-ാം വകുപ്പ് (4)-ാം ഉപവകുപ്പിന്റെയും, 20-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഗ) ഖണ്ഡത്തിന്റെയും കീഴിൽ നൽകേണ്ട ഫീസുകൾ;

(ങ) 5-ാം വകുപ്പ് (3)-ാം ഉപവകുപ്പിന്റെ ആവശ്യങ്ങൾക്കുള്ള യോഗ്യതകളും പ്രായോഗിക പരിചയവും;

(ച) 6-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ നൽകേണ്ട അപേക്ഷയുടെ ഫാറം;

(ഛ) (10)-ാം വകുപ്പിൻകീഴിൽ കൗൺസിലിലേക്ക് നടത്തേണ്ട തിരഞ്ഞെടുപ്പിന്റെ രീതി;

(ജ) 15-ാം വകുപ്പിന്റെയും ഈ ആക്ററിലെ മററു വ്യവസ്ഥകളുടെയും കീഴിൽ കൗൺസിലിന്റെ ചുമതലകൾ നിർവ്വഹിക്കുന്നതിനുള്ള കാര്യങ്ങൾ നടത്തുന്നതും, അങ്ങനെയുള്ള കാര്യങ്ങളുടെ നടത്തിപ്പിനായി കൗൺസിൽ അതിന്റെ മീററിംഗുകൾ നടത്തേണ്ട സ്ഥലവും ഇടവേളകളും, അങ്ങനെയുള്ള മീററിംഗുകളിൽ അനുവർത്തിക്കേണ്ട നടപടിക്രമവും അതുമായി ബന്ധപ്പെട്ട മററെല്ലാ വിഷയങ്ങളും;

(ഝ) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡം ആവശ്യപ്പെടുന്ന, ഇൻസ്റ്റിററ്യൂട്ടിന്റെ അംഗങ്ങളുടെ വൃത്തിപരമായ യോഗ്യതകളുടെ പദവിയും നിലവാരങ്ങളും ക്രമപ്പെടുത്തുന്നതും, നിലനിറുത്തുന്നതും ;

(ഞ) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഝ) ഖണ്ഡം ആവശ്യപ്പെടുന്ന, കമ്പനി സെക്രട്ടറിമാരുടെ താത്പര്യത്തിലുള്ള വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതും ;

(ട) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ട) ഖണ്ഡം ആവശ്യപ്പെടുന്ന, ഗ്രന്ഥശാലകളുടെ സംരക്ഷണവും കമ്പനികളുടെ മാനേജ്മെന്റിനെയും ബന്ധപ്പെട്ട വിഷയങ്ങളെയും സംബന്ധിച്ച പുസ്തകങ്ങളുടെയും ആനുകാലിക പ്രസിദ്ധീകരണങ്ങളുടെയും പ്രസിദ്ധീകരണവും;

(ഠ) 15-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ഡ) ഖണ്ഡം ആവശ്യപ്പെടുന്ന, അച്ചടക്ക അധികാരങ്ങളുടെ വിനിയോഗവും ;

(ഡ) 17-ാം വകുപ്പിൽ പരാമർശിച്ചിരിക്കുന്ന സ്ഥിരം സമിതികളും മറ്റ് സമിതികളും കാര്യങ്ങൾ നടത്തുന്നതും അങ്ങനെയുള്ള കാര്യങ്ങളുടെ നടത്തിപ്പിനായി അങ്ങനെയുള്ള സമിതികൾ അവയുടെ യോഗങ്ങൾ നടത്തേണ്ട സ്ഥലവും ഇടവേളകളും അങ്ങനെയുള്ള യോഗങ്ങളിൽ അനുവർത്തിക്കേണ്ട നടപടിക്രമവും അതുമായി ബന്ധപ്പെട്ട മറ്റെല്ലാ വിഷയങ്ങളും ;

(ഢ) 19-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ രജിസ്റ്റർ വച്ചുപോരേണ്ട രീതിയും ;

(ണ) 19-ാം വകുപ്പ് (2)-ാം ഉപവകുപ്പ് (ങ) ഖണ്ഡം ആവശ്യപ്പെടുന്ന രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ട മറ്റു വിവരങ്ങളും ;

(ത) 19-ാം വകുപ്പ് (3)-ാം ഉപവകുപ്പിൻകീഴിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളുടെ വാർഷിക ലിസ്റ്റ് പ്രസിദ്ധികരിക്കേണ്ട രീതിയും ;

(ഥ) 21-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻകീഴിൽ നടത്തേണ്ട അന്വേഷണങ്ങളും;

(ദ) 23-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ മേഖലാ കൗൺസിൽ രൂപീകരിക്കേണ്ട രീതിയും അതിന്റെ ചുമതലകളും ;

(ധ) 38-ാം വകുപ്പ് (2)-ാം ഉപവകുപ്പിൻകീഴിൽ ഏതെല്ലാം ഉപാധികൾക്കു വിധേയമായാണ് വിദേശ യോഗ്യതകൾ അംഗീകരിക്കാവുന്നത് അങ്ങനെയുള്ള ഉപാധികളും;

(ന) ഈ ആക്റ്റിൻകീഴിൽ നിർണ്ണയിക്കപ്പെടണമെന്ന് ആവശ്യപ്പെടുന്നതോ നിർണ്ണയിക്കപ്പെടാവുന്നതോ ആയ മറ്റേതെങ്കിലും വിഷയവും.

(3) ഈ ആക്റ്റിൻകീഴിൽ കൗൺസിൽ ഉണ്ടാക്കുന്ന എല്ലാ റഗുലേഷനുകളും മുൻകൂട്ടി പ്രസിദ്ധപ്പെടുത്തണമെന്ന ഉപാധിക്കും കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനും വിധേയമായിട്ടായിരിക്കേണ്ടതാകുന്നു.

(4) ഓരോ റഗുലേഷനും, കൗൺസിൽ അത് ഉണ്ടാക്കിയശേഷം കഴിയുന്നത്ര വേഗം കേന്ദ്രസർക്കാരിന് അയച്ചുകൊടുക്കേണ്ടതും ആ സർക്കാർ അതിന്റെ ഒരു പകർപ്പ് പാർലമെന്റ് സമ്മേളനത്തിലിരി

ക്കുമ്പോൾ അതിന്റെ ഓരോ സഭയുടെയും മുൻപാകെ ഒരു സമ്മേളനത്തിലോ തുടർച്ചയായുള്ള രണ്ടോ അതിലധികമോ സമ്മേളനങ്ങളിലോ ആയി ആകെ മുപ്പത് ദിവസക്കാലത്തേക്ക് വയ്പിക്കേണ്ടതും മുൻപറഞ്ഞ സമ്മേളനത്തിനോ തുടർച്ചയായ സമ്മേളനങ്ങൾക്കോ തൊട്ടടുത്തു വരുന്ന സമ്മേളനം അവസാനിക്കുന്നതിനു മുമ്പ് ഇരുസഭകളും ആ റഗുലേഷനിൽ എന്തെങ്കിലും രൂപഭേദം വരുത്തുന്നതിൽ യോജിക്കുകയോ അല്ലെങ്കിൽ ഇരു സഭകളും ആ റഗുലേഷൻ ഉണ്ടാക്കരുതെന്നതിൽ യോജിക്കുകയോ ചെയ്യുന്നുവെങ്കിൽ, അതിനു ശേഷം ആ റഗുലേഷന്, അതതു സംഗതിപോലെ, അങ്ങനെ രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രഭാവം ഉണ്ടായിരിക്കുകയോ പ്രഭാവം ഇല്ലാതിരിക്കുകയോ ചെയ്യുന്നതുമാകുന്നു; എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ പ്രഭാവശൂന്യമാക്കലോ ആ റഗുലേഷനു കീഴിൽ മുമ്പ് ചെയ്തിട്ടുള്ള എന്തിന്റെയെങ്കിലും സാധുതയ്ക്ക് ഭംഗം വരുത്താത്ത വിധത്തിലായിരിക്കുന്നതാകുന്നു.

## ഒന്നാം പട്ടിക

[21-ാം വകുപ്പ് (4)-ാം ഉപവകുപ്പും 22-ാം വകുപ്പും കാണുക]

## ഭാഗം I

### ഇൻസ്റ്റിററ്യൂട്ടിന്റെ പ്രാക്റ്റീസ് ചെയ്യുന്ന അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടി ദൂഷ്യം

പ്രാക്റ്റീസ് ചെയ്യുന്ന ഒരു കമ്പനി സെക്രട്ടറി വൃത്തിപരമായ നടപടി ദൂഷ്യത്തിന് താഴെ പറയുന്ന സംഗതികളിൽ കുററക്കാരനായി കരുതപ്പെടേണ്ടതാകുന്നു, അതായത്:—

(1) ഒരു കമ്പനി സെക്രട്ടറിയല്ലാതിരിക്കുകയോ നിർണ്ണയിക്കപ്പെടാവുന്ന മററ് അംഗീകൃത വൃത്തിയിൽ അംഗമല്ലാതിരിക്കുകയോ ചെയ്യുന്ന മറ്റേതെങ്കിലും ആളെ തന്റെ പേരിൽ ഒരു കമ്പനി സെക്രട്ടറിയായി പ്രാക്ററീസ് ചെയ്യുവാനനുവദിക്കുകയോ അല്ലെങ്കിൽ അങ്ങനെയുള്ള ആളുമായി പങ്കാളിത്തത്തിലിരിക്കുകയോ അയാളെ നിയോജനം ചെയ്യുകയോ ചെയ്യുക;

(2) ഇൻസ്റ്റിററ്യൂട്ടിന്റെ ഒരു അംഗമോ, ഒരു പങ്കാളിയോ, വിരമിച്ച ഒരംഗമോ, മരിച്ച ഒരു പങ്കാളിയുടെ നിയമാനുസൃത പ്രതിനിധിയോ അല്ലാത്ത ഏതെങ്കിലും ആൾക്ക് നേരിട്ടോ നേരിട്ടല്ലാതെയോ തന്റെ വൃത്തിപരമായ ജോലിയുടെ ഫീസിന്റെയോ ലാഭത്തിന്റെയോ ഓഹരിയോ, കമ്മീഷനോ ബ്രോക്കറേജോ നൽകുകയോ അനുവദിക്കുകയോ നൽകാനോ അനുവദിക്കാനോ സമ്മതിക്കുകയോ ചെയ്യുക:

<u>വിശദീകരണം</u>.—ഈ ഇനത്തിൽ "പങ്കാളി" എന്നതിൽ പ്രാക്ററീസ് ചെയ്യുന്ന ഒരു കമ്പനി സെക്രട്ടറിയുമായി ഈ ഭാഗത്തിലെ (4)-ാം ഇനത്തിന് വിരുദ്ധമല്ലാതെ, പാർട്ണർഷിപ്പിൽ ചേർന്നിട്ടുള്ള ഭാരതത്തിന് വെളിയിൽ താമസിക്കുന്ന ഒരാൾ ഉൾപ്പെടുന്നതാകുന്നു.

(3) ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരു അംഗമോ ഈ ആവശ്യത്തിന് നിർണ്ണയിക്കപ്പെട്ട അംഗീകൃത വൃത്തികളിൽ ഏതിലെങ്കിലുംപെട്ട ഒരാളോ അല്ലാത്ത ഏതെങ്കിലും ആളിൽനിന്നും വൃത്തിപരമായ സ്വഭാവത്തോടുകൂടിയല്ലാത്ത ജോലിയിൽനിന്ന് ഉത്ഭവിക്കുന്ന ലാഭത്തിന്റെയോ, ഫീസിന്റെയോ മറ്റ് പ്രതിഫലത്തിന്റെയോ ഏതെങ്കിലും ഭാഗം സ്വീകരിക്കുകയോ സ്വീകരിക്കാമെന്ന് സമ്മതിക്കുകയോ ചെയ്യുക;

(4) കമ്പനി സെക്രട്ടറി, ഭാരതത്തിന്റെ അകത്തും വെളിയിലുമുള്ള പങ്കാളിത്തത്തിന്റെ വൃത്തിപരമായ ജോലിയുടെ ഫീസോ, ലാഭമോ ഓഹരിവച്ചെടുക്കുന്നപക്ഷം, പ്രാക്റ്റീസ് ചെയ്യുന്ന ഒരു കമ്പനി സെക്രട്ടറിയോ നിർണ്ണയിക്കപ്പെടാവുന്ന മറ്റേതെങ്കിലും അംഗീകൃത വൃത്തിയിലെ ഒരംഗമോ, ഭാരതത്തിനു വെളിയിൽ താമസിക്കുകയും, എന്നാൽ വിദേശത്തു താമസിക്കാത്തപക്ഷം 4-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ങ) ഖണ്ഡത്തിൻകീഴിൽ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരംഗമായി രജിസ്റ്റർ ചെയ്യുവാൻ അർഹതയുണ്ടായിരിക്കുകയോ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗത്വത്തിന്റെ ആവശ്യത്തിന് കേന്ദ്ര സർക്കാരോ കൗൺസിലോ അംഗീകരിച്ചിട്ടുള്ള യോഗ്യതകളുണ്ടായിരിക്കുകയോ ചെയ്യുന്ന ഒരാളോ അല്ലാത്ത ഏതെങ്കിലും ആളുമായി പങ്കാളിത്തത്തിൽ ഏർപ്പെടുക;

(5) തന്റെ പങ്കാളിയാകുവാൻ യോഗ്യതയില്ലാത്ത ഒരാളുടെ സേവനങ്ങളിൽ കൂടിയോ അല്ലെങ്കിൽ കമ്പനി സെക്രട്ടറിക്ക് പ്രാപ്യമല്ലാത്ത മാർഗ്ഗത്തിലൂടെയോ ഏതെങ്കിലും വൃത്തിപരമായ ജോലി നേടുക;

(6) സർക്കുലറോ, പരസ്യമോ, വ്യക്തിപരമായ അറിയിപ്പോ, കൂടിക്കാഴ്ചയോ, മറ്റേതെങ്കിലും മാർഗ്ഗമോ വഴി നേരിട്ടോ നേരിട്ടല്ലാതെയോ, കക്ഷികളെയോ വൃത്തിപരമായ ജോലിയോ കിട്ടുവാൻ ശ്രമിക്കുക;

(7) തന്റെ വൃത്തിപരമായ പ്രാപ്തിയോ സേവനങ്ങളോ പരസ്യം ചെയ്യുകയോ ഭാരതത്തിൽ നിയമാനുസൃതം സ്ഥാപിതമായ ഒരു സർവ്വകലാശാലയുടെ ബിരുദമോ, കേന്ദ്രസർക്കാർ അംഗീകരിച്ച ബിരുദമോ, ഇൻസ്റ്റിറ്റ്യൂട്ടിന്റെയോ കേന്ദ്രസർക്കാർ അംഗീകരിച്ചതോ കൗൺസിൽ അംഗീകരിക്കാവുന്നതോ ആയ മറ്റേതെങ്കിലും സ്ഥാപനത്തിന്റെയോ അംഗത്വം സൂചിപ്പിക്കുന്ന ഒരു ഉദ്യോഗപ്പേരോ അല്ലാത്തപക്ഷം, കമ്പനി

സെക്രട്ടറി എന്ന ഉദ്യോഗപ്പേരോ പ്രയോഗമോ അല്ലാത്ത ഏതെങ്കിലും ഉദ്യോഗപ്പേരോ പ്രയോഗമോ വൃത്തി പരമായ രേഖകളിലോ, വിസിറ്റിംഗ് കാർഡുകളിലോ, ലെറ്റർ ഹെഡ്ഡുകളിലോ, സൈൻബോർഡുകളിലോ ഉപയോഗിക്കുക;

(8) പ്രാക്റ്റീസ് ചെയ്യുന്ന ഒരു കമ്പനി സെക്രട്ടറി നേരത്തെ വഹിച്ചിരുന്ന സ്ഥാനം, മുൻപ്തന്നെ ലിഖിതമായി അയാളെ അറിയിക്കാതെ മറ്റൊരു കമ്പനി സെക്രട്ടറി സ്വീകരിക്കുന്നത്;

(9) ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും റഗുലേഷനുകളുടെ കീഴിൽ അനുവദനീയ മായ കേസ്സുകളിലല്ലാതെ വൃത്തിപരമായ ഏതെങ്കിലും നിയോജനം സംബന്ധിച്ച്, ലാഭത്തിന്റെ ശതമാനത്തിന്റെ അടിസ്ഥാനത്തിലോ, അങ്ങനെയുള്ള നിയോജനത്തിന്റെ തീർപ്പുകളെയോ ഫലങ്ങളെയോ ആശ്രയിച്ചോ ഫീസ് ഈടാക്കുകയോ ചാർജ്ജ് ചെയ്യുമെന്ന് വാഗ്ദാനം ചെയ്യുകയോ സ്വീകരിക്കുകയോ സ്വീകരിക്കാൻ ഓഫർ ചെയ്യുകയോ ചെയ്യുക;

(10) കമ്പനി സെക്രട്ടറിയുടെ വൃത്തിയല്ലാത്ത ഏതെങ്കിലും ബിസ്സിനസ്സിലോ, തൊഴിലിലോ അങ്ങനെ ഏർപ്പെടാമെന്ന് കൗൺസിൽ അനുവദിക്കാത്ത പക്ഷം, ഏർപ്പെടുക:

എന്നാൽ, ഇതിൽ അടങ്ങിയിട്ടുള്ള യാതൊന്നും, കമ്പനി ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാര മൊഴികെ, ഒരു കമ്പനിയുടെ ഡയറക്ടറാകുന്നതിൽ നിന്നും, ഒരു കമ്പനി സെക്രട്ടറിയെ അർഹനാക്കാതിരി ക്കുന്നതല്ല;

(11) പ്രാക്റ്റീസ് ചെയ്യുന്ന ഒരു കമ്പനി സെക്രട്ടറി നേരത്തേ വഹിച്ചിരുന്ന സ്ഥാനം അണ്ടർ-കട്ടിംഗാ കുന്ന ഉപാധികളിൻമേൽ പ്രാക്റ്റീസ് ചെയ്യുന്ന മറ്റൊരു കമ്പനി സെക്രട്ടറി സ്വീകരിക്കുക;

(12) ഒരു കമ്പനി സെക്രട്ടറി എന്ന നിലയിൽ താൻ സത്യബോധപ്പെടുത്താൻ ആവശ്യപ്പെടുന്ന എന്തെങ്കിലുമോ അതുമായി ബന്ധപ്പെട്ട മറ്റെതെങ്കിലും സ്റ്റേറ്റുമെന്റുകളോ തനിക്കുവേണ്ടിയോ തന്റെ ഫേമിനുവേണ്ടിയോ, ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാക്റ്റീസ് ചെയ്യുന്ന ഒരു അംഗമല്ലാത്ത ഒരാളെയോ തന്റെ പങ്കാളിയ ല്ലാത്ത അംഗമായ ഒരാളെയോ ഒപ്പിടാൻ അനുവദിക്കുക.

## ഭാഗം II

## ഇൻസ്റ്റിറ്റ്യൂട്ടിന്റെ സർവ്വീസിലുള്ള അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടി ദൂഷ്യം

ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാക്റ്റീസ് ചെയ്യുന്ന ഒരു അംഗമല്ലാത്ത ഒരംഗം, അയാൾ ഏതെങ്കിലും കമ്പനിയു ടെയോ ഫേമിന്റെയോ ആളിന്റെയോ ജീവനക്കാരനായിരിക്കെ, വൃത്തിപരമായ നടപടി ദൂഷ്യത്തിന്, അയാൾ—

(1) അംഗം ഏറ്റെടുത്തിട്ടുള്ള നിയോജനത്തിന്റെ ഉപലബ്ധികളുടെ ഏതെങ്കിലും ഓഹരി ഏതെങ്കിലും ആൾക്ക് നേരിട്ടോ നേരിട്ടല്ലാതെയോ നൽകുകയോ അനുവദിക്കുകയോ നൽകുവാൻ സമ്മതിക്കുകയോ;

(2) അങ്ങനെയുള്ള കമ്പനി ഏർപ്പെടുത്തിയ ഒരു വക്കീലിന്റയോ, ഒരു കമ്പനി സെക്രട്ടറിയുടെയോ, ബ്രോക്കറുടെയോ അങ്ങനെയുള്ള കമ്പനിയുടെ ഏജന്റിന്റെയോ,. പതിവുകാരന്റെയോ പക്കൽ നിന്നും കമ്മീ ഷനായോ പരിതോഷണമായോ ഫീസുകളുടെയോ ലാഭത്തിന്റെയോ നേട്ടങ്ങളുടെയോ ഏതെങ്കിലും ഭാഗം സ്വീകരിക്കുകയോ സ്വീകരിക്കാൻ സമ്മതിക്കുകയോ ;

(3) തന്റെ നിയോജനത്തിനിടയിൽ ആർജ്ജിച്ച ഗോപ്യമായ വിവരം, തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം ആവശ്യപ്പെടുകയോ തന്റെ നിയോജകൻ അനുവദിക്കുകയോ ചെയ്യുന്ന പ്രകാര മൊഴികെ വെളിപ്പെടുത്തുകയോ,

ചെയ്യുന്നപക്ഷം കുറ്റക്കാരനായി കരുതപ്പെടേണ്ടതാകുന്നു.

## ഭാഗം III

## വൃത്തിപരമായ നടപടി ദൂഷ്യം ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളെ സംബന്ധിച്ച്—സാമാന്യമായി

പ്രാക്റ്റീസ് ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരംഗം വൃത്തിപരമായ നടപടി ദൂഷ്യത്തിന്, അയാൾ—

(1) കൗൺസിലിന് സമർപ്പിക്കേണ്ട ഏതെങ്കിലും സ്റ്റേറ്റുമെന്റിലോ, റിട്ടേണിലോ, ഫാറത്തിലോ ഏതെ ങ്കിലും വിവരങ്ങൾ അവ കളവാണെന്നറിഞ്ഞുകൊണ്ട് ഉൾപ്പെടുത്തുകയോ;

(2) ഒരു ഫെലോ അല്ലെന്നിരിക്കെ ഒരു ഫെലോ ആയി സ്വയം പ്രതിരൂപണം ചെയ്യുകയോ;

(3) കൗൺസിലോ അതിന്റെ ഏതെങ്കിലും സമിതിയോ ആവശ്യപ്പെടുന്ന വിവരം നൽകാതിരിക്കുകയോ കൗൺസിലോ അതിന്റെ ഏതെങ്കിലും കമ്മിറ്റിയോ ആവശ്യപ്പെടുന്നവ അനുസരിക്കാതിരിക്കുകയോ;

(4) വൃത്തിപരമായ നിലയിൽ താൻ സ്വീകരിക്കുന്ന പണത്തിന്റെ ദുർവിനിയോഗമോ അപഹരണമോ നടത്തുകയോ;

ചെയ്യുന്ന പക്ഷം കുറ്റക്കാരനാണെന്ന് കരുതപ്പെടേണ്ടതാകുന്നു.

**രണ്ടാം പട്ടിക**

[21-ാം വകുപ്പ് (5)-ാം ഉപവകുപ്പും 22-ാം വകുപ്പും കാണുക]

## ഭാഗം I

## ഹൈക്കോടതി നടപടി ആവശ്യമാകുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രാക്റ്റീസ് ചെയ്യുന്ന അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടിദൂഷ്യം

പ്രാക്റ്റീസ് ചെയ്യുന്ന ഒരു കമ്പനി സെക്രട്ടറി വൃത്തിപരമായ നടപടിദൂഷ്യത്തിന്, അയാൾ—

(1) ഏതെങ്കിലും ആളുടെ കീഴിലുള്ള തന്റെ വൃത്തിപരമായ നിയോജനത്തിനിടയിൽ ആർജ്ജിച്ച വിവരം, തന്നെ ഏർപ്പെടുത്തിയ കക്ഷിയല്ലാത്ത ഏതെങ്കിലും ആൾക്ക്, അങ്ങനെയുള്ള കക്ഷിയുടെ സമ്മതമില്ലാതെയോ തത്സമയം പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം ആവശ്യപ്പെടുന്ന പ്രകാരമൊഴികെയോ വെളിപ്പെടുത്തിക്കൊടുക്കുകയോ;

(2) കമ്പനി സെക്രട്ടറിയായുള്ള പ്രാക്റ്റീസിനെ സംബന്ധിക്കുന്ന വിഷയങ്ങളുടെയോ ബന്ധപ്പെട്ട സ്റ്റേറ്റുമെന്റുകളുടെയോ പരിശോധനയുടെ ഒരു റിപ്പോർട്ട് അങ്ങനെയുള്ള സ്റ്റേറ്റുമെന്റുകൾ താനോ തന്റെ ഫേമിലെ ഒരു പങ്കാളിയോ, ഏതെങ്കിലും ജീവനക്കാരനോ പ്രാക്റ്റീസ് ചെയ്യുന്ന മറ്റൊരു കമ്പനി സെക്രട്ടറിയോ പരിശോധന നടത്താത്ത പക്ഷം സത്യബോധപ്പെടുത്തുകയോ, തന്റെ പേരിലോ തന്റെ ഫേമിന്റെ പേരിലോ അവ സമർപ്പിക്കുകയോ;

(3) ഭാവി ഇടപാടുകളെ ആശ്രയിച്ചുള്ള ഏതെങ്കിലും സ്റ്റേറ്റ്മെന്റോ റിപ്പോർട്ടോ സംബന്ധിച്ച് അങ്ങനെയുള്ള പ്രവചനത്തിന്റെ കൃത്യതയ്ക്ക് താൻ ഉത്തരവാദിയായിരിക്കുമെന്ന വിശ്വാസത്തിലേയ്ക്ക് നയിക്കുന്ന രീതിയിൽ തന്റെയോ തന്റെ ഫേമിന്റെയോ പേർ ഉപയോഗിക്കുവാൻ അനുവദിക്കുകയോ ;

(4) തനിക്കോ, തന്റെ ഫേമിനോ തന്റെ ഫേമിലെ ഒരു പങ്കാളിക്കോ ഗണ്യമായ അവകാശബന്ധമുള്ള ഏതെങ്കിലും ബിസിനസ്സ് സംരംഭത്തിന് നൽകിയ ഏതെങ്കിലും റിപ്പോർട്ടോ സ്റ്റേറ്റ്മെന്റോ സംബന്ധിച്ച്, തന്റെ റിപ്പോർട്ടിൽ, അവകാശബന്ധം കൂടി വെളിപ്പെടുത്താത്ത പക്ഷം തന്റെ അഭിപ്രായം പ്രകടിപ്പിക്കുകയോ ;

(5) തന്റെ റിപ്പോർട്ടിലോ, സ്റ്റേറ്റ്മെന്റിലോ, അങ്ങനെയുള്ള സ്റ്റേറ്റ്മെന്റ് തെറ്റിദ്ധാരണാജനമാകാതിരിക്കണമെങ്കിൽ വെളിപ്പെടുത്തേണ്ടത് ആവശ്യമായിരുന്നിട്ടുകൂടി തനിക്കറിവുള്ള സാരവത്തായ വസ്തുത, മനഃപൂർവ്വം ഒളിപ്പിക്കുന്നതിൽ സഹായിക്കുകയോ അതിനു പ്രേരണ നൽകുകയോ ;

(6) തന്റെ റിപ്പോർട്ടിൽ തന്റെ വൃത്തിപരമായ നിലയിൽ അയാൾക്ക് അറിവുണ്ടായിരുന്നതും അയാളെ സംബന്ധിക്കുന്നതും ആയ സാരവത്തായ വ്യാജപ്രസ്താവന വെളിപ്പെടുത്തുന്നതിൽ വീഴ്ച വരുത്തുകയോ;

(7) തന്റെ വൃത്തിപരമായ ചുമതലകൾ നിർവ്വഹിക്കുന്നതിൽ ഗുരുതരമായ ഉപേക്ഷ കാണിക്കുകയോ;

(8) ഒരു അഭിപ്രായപ്രകടനം ന്യായീകരിക്കുന്നതിന് മതിയായ വിവരം നേടുന്നതിൽ വീഴ്ചവരുത്തുകയോ ഒരു അഭിപ്രായപ്രകടനത്തെ നിഷേധിക്കുവാൻ കഴിയുന്നത്ര സാരവത്തായ അപവാദങ്ങൾ ഉണ്ടാക്കുകയോ ;

(9) സെക്രട്ടറിയുടെ പ്രാക്റ്റീസ് സംബന്ധിച്ച് പൊതുവെ സ്വീകരിക്കപ്പെട്ട നടപടിക്രമത്തിൽ നിന്നും ഏതെങ്കിലും സാരവത്തായ വ്യതിയാനത്തിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നതിൽ വീഴ്ച വരുത്തുകയോ ;

(10) തന്റെ കക്ഷിയുടെ പണം പ്രത്യേക ബാങ്ക് അക്കൗണ്ടിൽ സൂക്ഷിക്കുന്നതിലോ അങ്ങനെയുള്ള പണം ഉദ്ദേശിച്ച ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിലോ വീഴ്ച വരുത്തുകയോ ;

ചെയ്യുന്ന പക്ഷം കുറ്റക്കാരനായി കരുതപ്പെടേണ്ടതാകുന്നു.

ഭാഗം II

## ഹൈക്കോടതി നടപടി സാമാന്യമായി ആവശ്യമാകുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗങ്ങളെ സംബന്ധിച്ച വൃത്തിപരമായ നടപടിദൂഷ്യം

പ്രാക്റ്റീസ് ചെയ്യുകയോ ചെയ്യാതിരിക്കുകയോ ചെയ്യുന്ന ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഒരംഗം, വൃത്തിപരമായ നടപടിദൂഷ്യത്തിന്, അയാൾ—

(1) ഈ ആക്റ്റിന്റെയോ അതിൻ കീഴിൽ ഉണ്ടാക്കിയ റഗുലേഷനുകളുടെയോ വ്യവസ്ഥകളിലേതെങ്കിലും ലംഘിക്കുകയോ ;

(2) കൗൺസിൽ ഇതിലേക്ക് ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള മറ്റു കൃത്യത്തിനോ കൃത്യവിലോപത്തിനോ കുറ്റക്കാരനായിരിക്കുകയോ, ;

ചെയ്യുന്ന പക്ഷം കുറ്റക്കാരനായി കരുതപ്പെടേണ്ടതാകുന്നു.

# THE COMPANY SECRETARIES ACT, 1980

(56 of 1980)

കമ്പനി സെക്രട്ടറിമാർ ആക്റ്റ്, 1980

(1980-ലെ 56)

## GLOSSARY

| | | | | | | |
|---|---|---|---|---|---|---|
| 1. | Dissolved Company | — | പിരിച്ചുവിടപ്പെട്ട കമ്പനി | — | [S. 2 (1) (c)] |
| 2. | Associate | — | അസ്സോഷ്യേറ്റ് | — | [S. 4 (1) (a)] |
| 3. | Misconduct | — | ദുർനടപടി | — | [S. 8 (d)] |
| 4. | Professional | — | വൃത്തിപരമായ | — | [S. 8 (e)] |
| 5. | By writing under his hand | — | സ്വന്തം കൈയ്യൊപ്പിട്ട് എഴുതി അയച്ച | — | [S. 13 (1)] |
| 6. | Consecutive | — | തുടർച്ചയായ | — | [S. 13 (2)] |
| 7. | Standard | — | നിലവാരം | — | [S. 15 (2) (i)] |
| 8. | Regional Council | — | മേഖലാ കൗൺസിൽ | — | [S. 23] |
| 9. | Penalty | — | പിഴശിക്ഷ | — | [S. 24] |
| 10. | Contravene | — | ലംഘിക്കുക | — | [S. 25 (2)] |
| 11. | On its own motion | — | സ്വമേധയാ | — | [S. 30 (2)] |
| 12. | Assert | — | ദൃഢാഖ്യാനം ചെയ്യുക | — | [S. 31 (a)] |
| 13. | Reciprocity | — | അന്യോന്യത | — | [S. 38] |
| 14. | Annulment | — | പ്രഭാവശൂന്യമാക്കുക | — | [S. 39 (4)] |